# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൈവളികെ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-5/1172/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 30/03/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൈവളികെ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൈവളികെ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൈവളികെ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-5/1172/2022 തീയ്യതി: 30/03/2023

## കാസർഗോഡ് ജില്ലയിലെ പൈവളികെ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ പൈവളികെ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജിതേന്ദ്രൻ.എ.ആർ. | ഡെപ്യൂട്ടി ഡയറക്ടർ | 12-12-2022 | 19-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-12-2022 | 19-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

(1)ഗോപാലകൃഷ്ണ നായ്ക്.പി.ഓഡിറ്റ് ഓഫീസർ
(2)ജയാനന്ദ.എച്.ഓഡിറ്റ് ഓഫീസർ
(3)രഘുനാഥൻ.കെ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
(4)എം.ബാബു അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
(5ഹരിവേണുഗോപാലൻ. കെ.വി.ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജോയി തോമസ് | സെക്രട്ടറി | 01-04-2021 | 31-12-2021 |
| ശ്രീ.നാരായണ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-01-2022 | 31-03-2022 |

| | | | |
|---|---|---|---|
| .അസിസ്റ്റന്റ് സെക്രട്ടറി | | | |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.മുഹമ്മദ് അർഷാദ്.ടി.എം. | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 29-07-2021 |
| ശ്രീ.ജോയി .ആന്റണി | അസിസ്റ്റന്റ് എൻജിനീയർ | 30-07-2021 | 09-09-2021 |
| ശ്രീ.ലെനിൻ .ഇ.ടി. | അസിസ്റ്റന്റ് എൻജിനീയർ | 09-09-2021 | 22-12-2021 |
| ശ്രീ.ശ്രീജിത്.പി.എസ്. | അസിസ്റ്റന്റ് എൻജിനീയർ | 22-12-2021 | 31-03-2022 |
| ശ്രീമതി.അഞ്ജന അജയകുമാർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 09-11-2021 |
| ശ്രീമതി സ്റ്റെഫി.ജോൺ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10-11-2021 | 31-03-2022 |
| ശ്രീ.അബ്ദുൾ കരീം.പി.കെ. | പ്രധാനാധ്യാപകൻ | 01-04-2021 | 31-03-2022 |
| ഡോ.ജതിൻ ദാസ് രാജു | വെറ്ററിനറി സർജ്ജൻ | 01-04-2021 | 23-08-2021 |
| ഡോ.മെഹ്റു വീരൻ | വെറ്ററിനറി സർജ്ജൻ | 23-08-2021 | 16-12-2021 |
| ഡോ.ശരത്. | വെറ്ററിനറി സർജ്ജൻ | 16-12-2021 | 31-03-2022 |
| ഡോ.മുരളീധര.കെ. | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2021 | 31-03-2022 |
| ഡോ.സീതാ രത്ന .എം | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ഡോ.ഹെന്ന.ഇസഡ്.എ. | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീ. നാരായണ കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ. മഹാദേവ സി എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ചേവാർ സർക്കിൾ) | 01-04-2021 | 10-08-2021 |
| ശ്രീ. സഞ്ജയ കുമാർ കെ വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ചേവാർ സർക്കിൾ) | 11-08-2021 | 30-09-2021 |
| ശ്രീ. ജോൺസൺ കെ വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ചേവാർ | 30-09-2021 | 17-10-2021 |

| | | | |
|---|---|---|---|
| | സർക്കിൾ) | | |
| ശ്രീ. ശൈലേഷ് എൻ ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ചേവാർ സർക്കിൾ) | 18-10-2021 | 31-03-2022 |
| ശ്രീ. സഞ്ജയ കുമാർ കെ വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പൈവളികെ സർക്കിൾ) | 01-04-2021 | 30-09-2021 |
| ശ്രീ. ജോൺസൺ കെ വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പൈവളികെ സർക്കിൾ) | 30-09-2021 | 17-10-2021 |
| ശ്രീ. ശൈലേഷ് എൻ ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പൈവളികെ സർക്കിൾ) | 18-10-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ. | 1-2 |
| 3 | സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തിയിട്ടില്ല. | 1-2-1 |
| 4 | സ്റ്റോക്കിന്റെയും സ്റ്റോറിന്റെയും ഭൗതിക പരിശോധന, മൂല്യ നിർണയം നടത്തുന്നില്ല. | 1-2-2 |
| 5 | വാർഷികകണക്കുകളിലെ പൊതുഅപാകതകൾ | 1-2-3 |
| 6 | സാമ്പത്തിക വിശകലനം | 1-3 |
| 7 | വിവധ ഫണ്ടുകളുടെ വിനിയോഗ വിവരം | 1-4 |
| 8 | പദ്ധതി അവലോകനം | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 10 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 11 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 13 | മുളിഗദ്ദെ ,ടൂറിസ്റ്റ് ബംഗ്ലാവ് ,16,708 രൂപ കെട്ടിട വാടക കുടിശ്ശിക | 1-10 |
| 14 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-11 |
| 15 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകത്വ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകലുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ | 1-12 |
| 16 | എഫ് ടി ഇ &ഒ എസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 1-13 |
| 17 | ഗുണഭോക്താക്കളുടെ മരണശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം തുടരുന്നു | 1-14 |
| 18 | ലൈഫ് ഭവന പദ്ധതി-ഭവന നിർമ്മാണം പൂർത്തികരിച്ചില്ല. | 1-15 |
| 19 | ചെയ്യാത്ത ഇനം പ്രവ്യത്തിക്ക് അളവ് രേഖപ്പെടുത്തി തുക നൽകി-7526/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 1-16 |
| 20 | ടെണ്ടർ കിഴിവ് നടത്താതെ കരാറുകാരന് തുക അനുവദിച്ചു -15084/-രൂപയുടെ അധിക ചെലവ്. | 1-17 |
| 21 | ലംപ്സം പ്രോവിഷൻ ഇട്ട് ഇൻവോയ്സുകൾ പ്രകാരം മൂല്യം രേഖപ്പെടുത്തിയ ഇനങ്ങൾക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചതിനാൽ 7212/- രൂപയുടെ അധികച്ചെലവ്. | 1-18 |
| 22 | മുളിഗദ്ദെ ടൂറിസ്റ്റ് ബംഗ്ലാവ് റെനോവേഷൻ-15527/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 1-19 |

| | | |
|---|---|---|
| 23 | സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട GST കുറവു ചെയ്യുന്നില്ല. | 1-20 |
| 24 | വിവാഹ ധനസഹായം പദ്ധതി- പട്ടികവർഗ്ഗം - അപാകത | 1-21 |
| 25 | 60 വയസ്സ് കഴിഞ്ഞ വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ പദ്ധതികൾ-അപാകത (നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി) | 1-22 |
| 26 | പച്ചമലയാളം പദ്ധതി-സാക്ഷരതാ മിഷന് വിഹിതം നൽകൽ | 1-23 |
| 27 | ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ പുനരുദ്ധാരണം പദ്ധതി | 1-24 |
| 28 | വിവിധ സ്ഥലങ്ങളിൽ ബോർവെൽ നിർമ്മാണം പദ്ധതി | 1-25 |
| 29 | കുണ്ടച്ചക്കട്ടെ-ശാന്തിയോട് പ്രദേശത്ത് കേരളാ ജല അതോറിറ്റി പൈപ്പ് ലൈൻ നീട്ടൽ പദ്ധതി | 1-26 |
| 30 | ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ തെരുവ് വിളക്ക് ലൈൻ സ്ഥാപിക്കൽ പദ്ധതി | 1-27 |
| 31 | ഭിന്ന ശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വാങ്ങി നൽകൽ-അപാകതകൾ | 1-28 |
| 32 | സാന്ത്വന പരിചരണ പരിപാടി ഹോം കെയർ സന്ദർശനം പ്രവർത്തനങ്ങൾക്ക് വാഹനം വാടകയ്ക്ക് എടുത്തത് -അപാകത | 1-29 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ചെയ്യാത്ത ഇനം പ്രവൃത്തിക്ക് അളവ് രേഖപ്പെടുത്തി തുക നൽകി-7526/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3-1 |
| 2 | ടെണ്ടർ കിഴിവ് നടത്താതെ കരാറുകാരന് തുക അനുവദിച്ചു -15084/-രൂപയുടെ അധിക ചെലവ്. | 3-2 |
| 3 | ലംപ്സം പ്രോവിഷൻ ഇട്ട് ഇൻവോയ്സുകൾ പ്രകാരം മൂല്യം രേഖപ്പെടുത്തിയ ഇനങ്ങൾക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചതിനാൽ 7212/-രൂപയുടെ അധികച്ചെലവ്. | 3-3 |
| 4 | മുളിഗദ്ദെ ടൂറിസ്റ്റ് ബംഗ്ലാവ് റെന്നോവേഷൻ-15527/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3-4 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപ വിവരം | 4-6 |

| | | |
|---|---|---|
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിശദവിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | P R No 2 Dated 19.02.2021 | PR No 4-1 Dated 30.03.2022 |
| മുന്നിരിപ്പ് | 65,94,870 | 3,54,25,279 |
| വരവ് | 16,83,90,490 | 28,30,57,121 |
| ആകെ | 17,49,85,360 | 31,84,82,400 |
| ചെലവ് | 17,12,07,790 | 30,10,15,626 |
| നീക്കിയിരിപ്പ് | 37,77,570 | 1,74,66,774 |

### 1-2 വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ.

പൈവളികെ ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി. വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

#### 1-2-1 സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല.

#### 1-2-2 സ്റ്റോക്കിന്റെയും സ്റ്റോറിന്റെയും ഭൗതിക പരിശോധന, മൂല്യ നിർണയം നടത്തുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ സ്റ്റോക്കിന്റെയും സ്റ്റോറിന്റെയും മൂല്യ നിർണയം നടത്തി അക്കൗണ്ട് ചെയ്തിട്ടില്ല.

#### 1-2-3 വാർഷികകണക്കുകളിലെ പൊതുഅപാകതകൾ

1) മൂന്ന് മാസത്തിലധികമായിട്ടും പഞ്ചായത്ത് ഫണ്ടിലേക്ക് ചെക്ക് വരവ് വെക്കുന്നില്ല (ചെക്ക് 10039/31-02-2022) 7,010/- 2021-22 വർഷം പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്.

2) ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ ബി. 9 – 350800101 – Liability In Respect Of Stale Cheques - ഹെഡിൽ ഉള്ള 2310/- രൂപ കാലാവധി കഴിഞ്ഞ ചെക്കുകളുടേതാണ്. ആയതിനാൽ ഈ തുക ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

3) വാർഷികകണക്ക് ഷെഡ്യൂൾ RP-5 പ്രകാരം Sale Of Tender Forms, 3,92,856/- രൂപ വരവുണ്ട്. ഇവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

4)റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

5) ബാങ്ക് ബുക്ക് പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടുണ്ട്. സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

6) ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം Advance To Others എന്ന ശീർഷകത്തിൽ 10,82,875/- രൂപ

ഉണ്ട്. പരിശോധിക്കാനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

7) ബാലൻസ് ഷീറ്റിലെ ബി 9 പത്രിക പ്രകാരം 350410101 നമ്പർ ശീർഷകത്തിൽ വസ്തുനികുതി മുൻകൂർ ഇനത്തിൽ 82,839/- രൂപ ബാധ്യത രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ തുക ഏതെല്ലാം ഡിമാന്റുകളിലേക്ക് ക്രമീകരിക്കേണ്ടതാണെന്ന വിവരം സ്ഥാപനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. നിലവിൽ ഡിമാന്റ് ഇല്ലാത്തവർക്ക് തിരികെ നൽകേണ്ട തുക സംബന്ധിച്ചും സ്ഥാപനത്തിൽ രേഖകളില്ല.

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2021-22 |
|---|---|
| മുന്നിരിപ്പ് | 3,11,50,975.20 |
| വരവ് | 13,64,22,839.00 |
| ആകെ | 16,75,73,814.20 |
| ചെലവ് | 12,13,44,130.00 |
| നീക്കിയിരിപ്പ് | 4,62,29,684.20 |

## 1-4 വിവധ ഫണ്ടുകളുടെ വിനിയോഗ വിവരം

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ) (2021-22)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് / ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,84,88,864 | 1,84,88,864 | 1,81,26,610 | 3,62,254 | 98.04 |
| വികസനഫണ്ട് എസ്.സി.പി. | 0 | 60,51,872 | 60,51,872 | 57,65,740 | 2,86,132 | 95.27 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 42,46,436 | 42,46,436 | 40,57,623 | 1,88,813 | 95.55 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 2,40,40,200 | 2,40,40,200 | 1,31,74,299 | 1,08,65,901 | 54.80 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 95,54,164 | 95,54,164 | 68,98,483 | 26,55,681 | 72.20 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് Basic Untied | 0 | 78,58,880 | 78,58,880 | 74,43,991 | 4,14,889 | 94.72 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് Tied | 0 | 1,43,66,720 | 1,43,66,720 | 51,35,996 | 92,30,724 | 35.75 |
| ആകെ | 0 | 8,46,07,136 | 8,46,07,136 | 6,06,02,742 | 2,40,04,394 | 71.63 |

(വികസനഫണ്ട് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത ₹ 45,411, 55 (ജനറൽ), ₹ 1,21,265 (ടി.എസ്.പി) ₹ 2,14,580 (എസ്.സി.പി) എന്നീ തുകകൾ മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തണം. )

ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,79,12,660 | 1,79,12,660 | 1,79,12,660 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 57,65,740 | 57,65,740 | 57,65,740 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 38,54,202 | 38,54,202 | 38,54,202 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1,25,75,346 | 1,25,75,346 | 1,25,75,346 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 61,36,694 | 61,36,694 | 61,36,694 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് Basic Untied | 0 | 36,17,212 | 36,17,212 | 36,17,212 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് Tied | 0 | 39,54,817 | 39,54,817 | 39,54,817 | 0 |
| ബി ഫണ്ട് | | | | | |
| തൊഴിൽ രഹിത വേതനം | 0 | 0 | 0 | 0 | 0 |
| വിവാഹധനസഹായം | 0 | 6,30,000 | 6,30,000 | 6,30,000 | 0 |
| നെൽ ഉല്പാദക ബോണസ്സ് | 0 | 0 | 0 | 0 | 0 |
| തൊഴിലുറപ്പ് - 100 ദിന ഇൻസെന്റീവ് | 0 | 0 | 0 | 0 | 0 |
| ടി.എസ്.ബി ജനറൽ പർപ്പസ് അക്കൗണ്ട് | 7,00,416 | 4,04,35,198 | 4,11,35,614 | 4,01,35,614 | 10,00,000 |
| സംയുക്ത പദ്ധതി (ബ്ലോക്ക് പഞ്ചായത്ത്) | 7,34,598 | 19,16,825 | 26,51,423 | 19,16,825 | 7,34,598 |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത് പഞ്ചായത്ത്) | 56,118 | 15,00,822 | 15,56,940 | 15,00,822 | 56,118 |
| TSB സംയുക്ത പദ്ധതി STSB Account | 1,86,120 | 0 | 1,86,120 | 1,86,120 | 0 |
| TSB സംയുക്ത പദ്ധതി JVTSB Account | 0 | 5,00,000 | 5,00,000 | 5,00,000 | 0 |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | |
| തൊഴിലുറപ്പ് പദ്ധതി | 38,567 | 4,76,819 | 5,15,386 | 5,15,343 | 43 |
| വെസ്റ്റേൺ ഗാട്ട് | 0 | 0 | 0 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 14,17,185 | 15,75,113 | 29,92,278 | 21,77,573 | 8,14,725 |
| പൈക്ക | 0 | 0 | 0 | 0 | 0 |
| കേന്ദ്രാവിഷ്കൃത പദ്ധതി I W D P Hariyali | 1,927 | 0 | 1,927 | 0 | 1,927 |
| കേന്ദ്രാവിഷ്കൃത പദ്ധതി S S A | 40,585 | 0 | 40,585 | 0 | 40,585 |
| ടോട്ടൽ സാനിറ്റേഷൻ M C F Building Fund | 6,08,316 | 0 | 6,08,316 | 6,08,316 | 6,08,316 |
| Suchitwa Mission Grants | 31,24,305 | 2,17,691 | 33,41,996 | 11,93,050 | 21,48,946 |
| ദേശീയ വികലാംഗ പുനരധിവാസ പദ്ധതി | 1,50,000 | 0 | 1,50,000 | 0 | 1,50,000 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| സാക്ഷരത | 0 | 0 | 0 | 0 | 0 |
| വിമുക്തി | 13,970 | 0 | 13,970 | 13,970 | 0 |
| കേരളോത്സവം | 4,851 | 0 | 4,851 | 0 | 4,851 |
| ജലനിധി | 3,86,260 | 9,684 | 3,95,944 | 1,15,500 | 2,80,444 |
| ലൈഫ് മിഷൻ ഭവന പദ്ധതി - State Share, SC-ST Department Share | 0 | 63,00,000 | 63,00,000 | 62,00,000 | 1,00,000 |
| മറ്റുള്ളവ | | | | | |
| Kommangala Solar Project Road Development Fund | 38,77,000 | 64,43,000 | 1,03,20,000 | 0 | 1,03,20,000 |

## 1-5 പദ്ധതി അവലോകനം

### പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 252 | 184 | 0 | 68 | 73.02 % |

### നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2021-22വർഷത്തിൽ നടപ്പാക്കേണ്ട | 2021-22വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | ചെലവ് ശതമാ നം. |
|---|---|---|---|---|

| | | പദ്ധതികളുടെ വിവരം | | | | |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 36 | 3,17,24,270 | 27 | 1,03,38,582 | 32.58 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 09 | 45,06,000 | 08 | 43,72,952 | 97.04 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 161 | 6,68,85,552 | 106 | 3,30,42,549 | 49.40 |
| 4 | കൃഷി ഓഫീസർ | 10 | 67,92,036 | 10 | 39,38,960 | 57.99 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 18 | 10,99,66,119 | 17 | 2,42,02,431 | 22.00 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 05 | 76,74,623 | 05 | 73,32,972 | 95.54 |
| 7 | വെറ്ററിനറി സർജ്ജൻ | 04 | 13,33,773 | 02 | 8,10,573 | 60.77 |
| 8 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 01 | 2,50,000 | 01 | 2,50,000 | 100 |
| 9 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 02 | 12,00,000 | 02 | 11,80,080 | 98.34 |
| 10 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 01 | 2,50,000 | 01 | 2,50,000 | 100 |
| 11 | പ്രധാനാധ്യാപകൻ | 05 | 18,22,000 | 05 | 18,19,014 | 99.83 |
| 12 | ഡയറി ഫാം ഇൻസ്പക്ടർ | 0 | 0 | 0 | 0 | NA |
| 13 | ഫിഷറീസ് സബ്ഇൻസ്പെക്ടർ | 0 | 0 | 0 | 0 | NA |
| | ആകെ | 252 | 23,24,04,373 | 184 | 8,75,38,113 | 37.66 |

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 38,567 | 4,76,819 | 5,15,386 | 5,15,343 | 43 |
| 100ദിനം തൊഴിൽ ഇൻസെന്റീവ് | 0 | 0 | 0 | 0 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 3,50,70,291 | 3,50,70,291 | 3,50,70,291 | 0 |
| ആകെ | 38,567 | 3,55,47,110 | 3,55,85,677 | 3,55,85,634 | 43 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2021-22 വർഷം 658 പദ്ധതികളുൾപ്പെടുന്ന 11,34,40,780 കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 412 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 1,07,624 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 398 കുടുബങ്ങളുണ്ട്.

1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 21,15,600 | 130 |
| വിധവാ പെൻഷൻ | 2,12,86,400 | 1,373 |
| വാർദ്ധക്യകാല പെൻഷൻ | 3,16,02,400 | 2,102 |
| വികലാംഗ പെൻഷൻ | 73,94,400 | 479 |
| അവിവാഹിതകളായ 50 വയസ്സിനമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 3,07,200 | 20 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 6,30,000 | 21 |

1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12/12/2022 തീയ്യതിയിൽ 2.45 PM-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യാഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 16222/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

1) ഗ്രാമ പഞ്ചായത്തിന്റെ വരുമാനങ്ങൾ, ചെലവുകൾ, ബാദ്ധ്യതകൾ, ആസ്തികൾ എന്നിവ ഉൾപ്പെടുന്നതും സാമ്പത്തികവർഷത്തെ ധനപരവും പ്രവർത്തനപരവുമായ ലക്ഷ്യങ്ങൾ വ്യക്തമാക്കുന്നതുമായ ബജറ്റ് അവതരിപ്പിക്കുകയും ചെലവുകൾക്ക് ബജററി നിയന്ത്രണം വരുത്തുകയും ചെയ്തിട്ടുണ്ട്.

2) ഐ.എൽ.ജി.എം.എസ് സംവിധാനം നിലവിൽ വന്നതിനാൽ ഫയൽ നീക്കങ്ങളിലുള്ള മോണിറ്ററിംഗിലും, സമയബന്ധിതമായി സേവനം നൽകുന്നതിലും പുരോഗതി ഉണ്ടായിട്ടുണ്ട്.

3) ഓഫീസ് മീറ്റീങ്ങ് - ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ച ചേർക്കുവാൻ സെക്രട്ടറി ബാധ്യസ്ഥനാണ്. 2021-22 സാമ്പത്തിക വർഷം, 16.04.2022, 17.09.2021,07.10.2021, 10.11.2021, 12.11.2021 എന്നീ തിയതികളിൽ മാത്രമാണ് ഓഫീസ് മീറ്റീങ്ങുകൾ ചേർന്നിട്ടുള്ളത്. ഓഫീസ് മീറ്റിങ്ങുകൾ കൃത്യമായ ഇടവേളകളിൽ നടത്തി ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ഉണ്ടാവേണ്ടതും ആയത് മോണിട്ടറിങ്ങിന് നിധേയമാക്കേണ്ടതുമാണ്.

4) ഭരണ സംവിധാനം

ഓഡിറ്റ് വർഷം ഭരണ സമിതി 21 തവണ യോഗം ചേർന്നിട്ടുണ്ട്. വികസനം-(10 യോഗങ്ങൾ), ക്ഷേമം-(12 യോഗങ്ങൾ) , ആരോഗ്യ വിദ്യാഭ്യസം-(11 യോഗങ്ങൾ) , ധനകാര്യം-(12 യോഗങ്ങൾ) , എന്നീ സ്റ്റാന്റിംഗ് കമ്മറ്റികളും ഗ്രാമ പഞ്ചായത്ത് ഭരണ നിർവ്വഹണത്തിൽ തങ്ങളുടെ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്കും, ജീവനക്കാർക്കും ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ, വിവര വ്യൂഹത്തിന്റെ പൂർണമാക്കൽ, പരിഷ്കരണം എന്നിവ നിരീക്ഷിക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. അത് ഉറപ്പ് വരുത്താൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതുണ്ട്. കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ162a-b1(i) പ്രകാരം ഓഫീസ് പ്രവർത്തനം, രേഖകളുടെ സൂക്ഷിപ്പ്, അക്കൗണ്ട്സ്, ഓഡിറ്റ് എന്നിവയുടെ മേൽനോട്ടച്ചുമതല ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കാണ്.

5) ഓഡിററ് മോണിറ്ററിംഗ് സമിതി ആകെ ഒരു തവണ (24.12.2021) മാത്രമാണ് ഓഡിറ്റ് വർഷം യോഗം ചേർന്നിട്ടുള്ളത്.

6) കുടിശ്ശിക ഓഡിറ്റ് ഓഡിറ്റ് റിപ്പോർട്ടുകൾക്ക് മറുപടി ലഭ്യമാക്കുന്നതിനും, അവ തീർപ്പാക്കുന്നതിനും ഗ്രാമ

പഞ്ചായത്ത് ശ്രദ്ധേയമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ മറുപടികൾ പരിശോധിച്ച് 4 ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കിയിട്ടുണ്ട്. കൂടാതെ തീർപ്പുകൽപ്പിക്കുവനുള്ള പരാമർശങ്ങളുടെ എണ്ണം ഗണ്യമായി കുറയ്ക്കുവാനും ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

7) പ്രൊക്യൂർമെന്റ് കമ്മിറ്റി 19/7/2021, 03/8/2021, 04/12/2021, 15/03/2022, തിയതികളിൽ യോഗം ചേർന്നിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ വാങ്ങൽ നടപടികൾ സമിതിയുടെ അനുമതിയോടെ തന്നെയാണ് നടപ്പിലാക്കുന്നത്

8) സമ്പൂർണ്ണവും കുറ്റമറ്റതുമായ ഡിജിറ്റൽ ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിൽ പൂർണ്ണതയിൽ എത്താൻ സാധിച്ചിട്ടില്ല.

9) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ട്രഷറി, ബാങ്ക് അക്കൗണ്ടുകളിലെ വരവ് ചെലവ് തുകകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്.

10) ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് കാലികമാക്കിയിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ,എന്നിവ ഴുതി സൂക്ഷിക്കുന്നുണ്ട്.ഡെപ്പോസിറ്റ് രജിസ്റ്റർ അബ്സ്ട്രാക്ട് രേഖപ്പെടുത്തിട്ടില്ല.

11) ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയത്വം പാലിച്ച് കാര്യക്ഷമമായി നിർവ്വഹിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിനും, സാമ്പത്തിക വികസനവും സാമൂഹിക നീതിയും ലക്ഷ്യമാക്കി ഗ്രാമ പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണത്തിന്റെയും വിഭവ വിനിയോഗത്തിന്റെയും ഫലപ്രാപ്തി ഉറപ്പാക്കുവാനും, കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കി അപ്രകാരമുള്ള നിയന്ത്രണങ്ങൾ നിരന്തരം അവലോകനം ചെയ്ത് ഉചിതമായി പരിഷ്കരിക്കുവാനും ഭരണ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കണം.

1-10 മുളിഗദ്ദെ ,ടൂറിസ്റ്റ് ബംഗ്ലാവ് ,16,708 രൂപ കെട്ടിട വാടക കുടിശ്ശിക

ഗ്രാമ പഞ്ചായത്തിന്റെ കീഴിലുള്ള മുളിഗദ്ദെ ടൂറിസ്റ്റ് ബംഗ്ലാവിന്റെ ( IV/29 ) വാടക, 11/2015 മുതൽ 3/2016 വരെ 16,708 രൂപ AFSപ്രകാരം കുടിശ്ശികയുണ്ട്.ഡി.സി.ബി.സ്റ്റേറ്റ്മെന്റ് പ്രകാരം ശ്രീ.അനിൽ എന്ന വ്യക്തിയിൽ നിന്നുമാണ് കുടിശ്ശിക തുക ഈടാക്കേണ്ടത്. 2021-22 സാമ്പത്തിക വർഷത്തിൽ തനതു ഫണ്ട് ഇനത്തിൽ പ്രൊജക്ട് നമ്പർ 88/2022 പ്രകാരം 5,00,000 അടങ്കൽ തുകയിൽ 4,28,357രൂപ കെട്ടിടം നവീകരണത്തിനു വേണ്ടി ചെവഴിച്ചിട്ടുണ്ട്.വാടക ഈടാക്കിയതുമായി ബന്ധപ്പെട്ട ഫയലും എഗ്രിമെന്റ് ഉൾപ്പെടെ മറ്റ് രേഖകളും പരിശോധനയ്ക്ക് ഹാജരാക്കുന്നതിന്, ഓഡിറ്റ് എൻക്വയറി (നമ്പർ 15/2021-22 തിയ്യതി :17.12.2022 ) പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.11/2015 മുതൽ 3/2016 വരെ 16,708 രൂപ വാടക കുടിശ്ശിക കുടിശ്ശികയുണ്ട് എന്ന് വ്യക്തമാണെങ്കിലും,തുടർന്ന് 4/2016മുതൽ 3/2022 വരെ കെട്ടിടം വാടകയ്ക്ക് നൽകിയിട്ടുണ്ടോ എന്നും, എന്തുകൊണ്ട് വാടകയ്ക്ക് കൊടുക്കാൻ നടപടികൾ സ്വീകരിച്ചില്ല എന്നും വ്യക്തമല്ല. അനിൽ എന്ന വ്യക്തിക്ക് കെട്ടിടം ലീസിനു നൽകിയിട്ടുണ്ടെങ്കിൽ, 11/2015 മുതൽ 3/2016 വരെയുള്ള വാടകയായ 16,708 രൂപ ഈടാക്കുന്നതിന് റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. 2021-22 വർഷത്തിൽ കെട്ടിടം നവീകരിക്കുന്നതിന് തനതു ഫണ്ട് ഇനത്തിൽ 4,28,357രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും, ഇപ്പോൾ കെട്ടിടം വാടകയ്ക്ക് നൽകാനോ ലീസിനു നൽകാനോ സജ്ജമാണോ എന്നും വ്യക്തമല്ല.അതിനാൽ 11/2015 മുതൽ 3/2016 വരെയുള്ള വാടക കുടിശ്ശികയായ16,708 രൂപയും പലിശയും , നിയമ പ്രകാരം പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിച്ച് കെട്ടിടം സംബന്ധിച്ച വിശദ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-11 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.2021-22 സാമ്പത്തിക വർഷത്തിൽ, പൈവളികെ ഗ്രാമപഞ്ചായത്ത് പരിധിയിലെ താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും

തൊഴിൽ നികുതി ഈടാക്കിയിട്ടില്ല .

1) PWDകോൺട്രാക്ടർമാർ ( I & II Half )

2) റേഷൻ ഷോപ്പുകൾ (I & II Half)

3) പി.എച്ച്.സി. ബായാർ ( II Half)

4) എ.എൽ.പി.സ്കൂൾ കുഡാൽ മെർക്കള (I Half)

2021-22 സാമ്പത്തിക വർഷത്തിൽ താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിശദ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 16/2021-22 തിയ്യതി : 17.12.2022.)

1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകത്വ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകലുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ

ഗ്രാമ പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ 323 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയോ പുതുക്കി നൽകുകയോ ചെയ്തിട്ടുണ്ട്. ആയതിന്റെ കൃത്യത പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെകൊടുക്കുന്നു.

1) ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ചിട്ടില്ല. ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ തരം ഏതാണെന്നോ രേഖപ്പെടുത്താൻ അപേക്ഷാ ഫോമുകളിൽ കോളം ഉണ്ടെങ്കിലും ആ വിവരം അപേക്ഷകളിൽ രേഖപ്പെടുത്തുന്നില്ല. രജിസ്റ്ററിൽ നിന്നും പ്രസ്തുത വിവരം ലഭ്യമല്ല.

2) ഓരോ സ്ഥാപനത്തിന്റേയും മൂലധന നിക്ഷേപം ഉറപ്പുവരുത്താതെയാണ് ഗ്രാമ പഞ്ചായത്തിൽ നിലവിൽ ഫീസ് ഈടാക്കുന്നത്. മിക്ക അപേക്ഷകളിലും മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. ഒരേ വിഭാഗത്തിൽപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ത ഫീസ് ഈടാക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുമില്ല.

3) സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം പാർപ്പിടേതര ആവശ്യങ്ങൾക്കുള്ള 1986 കെട്ടിടങ്ങൾ ഗ്രാമ പഞ്ചായത്തിലുണ്ട്. എന്നാൽ 2021-22 വർഷത്തിലെ ലൈസൻസ് രജിസ്റ്റർ പ്രകാരം 323 പേർ മാത്രമാണ് ലൈസൻസെടുത്തിട്ടുള്ളത്. ശേഷിക്കുന്ന 1663 കെട്ടിടങ്ങളെ സംബന്ധിച്ച വിവരം പരിശോധിക്കപ്പെട്ടിട്ടില്ല.

4) റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ (പട്ടിക 1 ക്രമനം 149) പ്രകാരം ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ഒന്നും തന്നെ ലൈസൻസ് എടുത്തതായി കാണുന്നില്ല. റേഷൻ കടകൾക്ക് ലൈസൻസ് അനുവദിക്കുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5) വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല. സാംഖ്യാ അക്കൗണ്ട് പ്രകാരം ലൈസൻസ് ഫീസ് അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സാംഖ്യാ അക്കൗണ്ട് പ്രകാരമുള്ള വരവുമായി റികൺസൈൽ ചെയ്യേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും

ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 19 തീയ്യതി 19.12.2022)

## 1-13 എഫ് ടി ഇ &ഒ എസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസ്സിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ,സ്വകാര്യമായോ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1എ) ,1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി)ചട്ടങ്ങളിലെ ചട്ടം3, 4 എന്നിവ അനുശാസിക്കുന്നു. എന്നാൽ 2021-22കാലയളവിൽ എഫ് ടി ഇ & ഒ ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | ലൈസൻസ് നം. | വാർഡ്/കെട്ടിട നമ്പർ | സംരംഭം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|
| 1 | അബൂബക്കർ സിദ്ദിഖ് | 8 | 14/473A | ന്യൂ അറഫ വുഡ് ഇൻഡസ്ട്രീസ് | 5 |
| 2 | അമീർ അലി | 12 | 15/200B | എൻ എൻ സ്റ്റീൽ ട്രേഡിംഗ് | 8 |
| 3 | സവിത | 45 | 12/284 | സെന്റ് ലോറൻസ് ഹോം ഇൻഡസ്ട്രീസ് | 3 |
| 4 | മുഹമ്മദ് കുഞ്ഞി പി എം | 51 | 12/44 | പെർമുദ ഫ്യൂവൽസ് | 5 |
| 5 | സുനിത വി സാല്യ | 224 | 5/594A | അംബിക എന്റർപ്രൈസസ് | 5 |
| 6 | ലാൻസി മൊന്തേരോ | 232 | 12/427B | സെന്റ് ലോറൻസ് ഇൻഡസ്ട്രീസ് | 4 |
| 7 | റഫീഖ് | 318 | 17/521 | അൽ ഷിഫ മെഡിക്കൽസ് | 3 |

മേൽ അപാകതയ്ക്ക് നൽകിയ ഓഡിറ്റ് എൻക്വയറി നം. 20 തീയ്യതി 19.12.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-14 ഗുണഭോക്താക്കളുടെ മരണശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം തുടരുന്നു

ധനകാര്യ വകുപ്പിന്റെ 26.07.18 ലെ സർക്കുലർ നമ്പർ 69/18 ൽ മരണപ്പെട്ടവരുടെയും പുനർ വിവാഹം

ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടെയും ആശാവർക്കർമാരുടെയും സഹായത്തോടെ ശേഖരിച്ച് മരണപ്പെട്ട വ്യക്തികളെ അതാതു മാസം തന്നെ സേവന സോഫ്റ്റ് വെയറിൽ നിന്നും ഉടനടി സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാറുകളെ അറിയിക്കാനും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. തുടർന്ന് ധനകാര്യ എസ്.എഫ്.സി -ബി വകുപ്പിന്റെ സർക്കുലർ നം.63/2021/ധന തിയതി 02.08.2021 സർക്കുലർ പ്രകാരം മരണപ്പെട്ടവരെയും അനർഹരേയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിനുള്ള അധിക നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ മരണപ്പെടുന്ന വ്യക്തികൾ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളാണോ എന്ന വിവരം പരിശോധിച്ച് ഉറപ്പാക്കുവാൻ സഹായകരമായ കൃത്യമായ രേഖകൾ രജിസ്ട്രേഷൻ വേളയിൽ സമർപ്പിക്കപ്പെടുന്നില്ല. ഇതുമൂലം മരണപ്പെട്ട പെൻഷൻ ഗുണഭോക്താക്കളെ തിരിച്ചറിഞ്ഞ് പെൻഷൻ പട്ടികയിൽ നിന്നും യഥാസമയം ഒഴിവാക്കുവാനും ഗ്രാമ പഞ്ചായത്തിന് സാധിക്കുന്നില്ല. 2021, 2022 വർഷങ്ങളിലെ ഡെത്ത് രജിസ്ട്രേഷൻ രേഖകളിൽ നിന്നും ലഭിച്ച ആധാർ വിവരങ്ങൾ സേവന സോഫ്റ്റ് വെയർ മുഖേന പരിശോധിച്ചതിൽ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ആനുകൂല്യം കൈപ്പറ്റിയിരുന്ന ഗുണഭോക്താക്കൾക്ക് മരണപ്പെട്ട ശേഷവും അവരുടെ അക്കൗണ്ടുകളിലേയ്ക്ക് പെൻഷൻ തുക അനുവദിച്ച് വരുന്നത് ശ്രദ്ധയിൽപ്പെടുകയുണ്ടായി . വിശദ വിവരം ചുവടെ ചേർക്കുന്നു.

<u>ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ</u>

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | മരണപ്പെട്ട തിയതി, രജി.നം | മരണപ്പെട്ട ശേഷം പെൻഷൻ അനുവദിച്ച കാലയളവ് | തുക |
|---|---|---|---|---|
| യൂസഫ് | 111850201334 | 02.01.2022, 08/22 | 02/2022 മുതൽ 04/2022 വരെ | 4800 |
| കൃഷ്ണമൂല്യ | 111850202709 | 28.12.2021, 16/22 | 01/2022മുതൽ 04/2022വരെ | 6400 |
| ആസിയമ്മ | 111850201328 | 12.01.2022, 26/22 | 02/2022മുതൽ 04/2022വരെ | 4800 |
| മൂസ ബ്യാരി | 111850201097 | 26.01.2022, 31/22 | 02/2022മുതൽ 04/2022 വരെ | 4800 |
| കൃഷ്ണഭട്ട് | 111850202468 | 20.02.2022, 52/22 | 03/2022, 04/2022 | 3200 |
| അബ്ദുൾ റഹ്മാൻ കെ | 111850201966 | 11.12.2021 | 01/2022മുതൽ 09/2022വരെ | 5400 (600x9) |
| ആകെ | | | | 29,400/- |

മേൽ പരാമർശിച്ച ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷം അവരുടെ അക്കൗണ്ടുകളിലേയ്ക്ക് അനുവദിക്കപ്പെട്ട പെൻഷൻ തുക തിരികെ ഈടാക്കി ഡി.ബി.റ്റി സെല്ലിലേയ്ക്ക് ഒടുക്കുവാൻ നടപടികൾ സ്വീകരിച്ച് തുക ഒടുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. സാമൂഹ്യ സുരക്ഷപെൻഷൻ വാങ്ങിവരുന്ന മുഴുവൻ ഗുണഭോക്താക്കളുടേയും വിവരങ്ങൾ, പരിശോധിച്ച് മരണപ്പെട്ടവരെ പെൻഷൻ

പട്ടികയിൽ നിന്നും ഒഴിവാക്കുവാനും, മരണ ശേഷം തുക അനുവദിച്ച കേസുകളിൽ തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

കർഷക പെൻഷൻ

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | മരണപ്പെട്ട തിയതി, രജി.നം | മരണപ്പെട്ട ശേഷം പെൻഷൻ അനുവദിച്ച കാലയളവ് | തുക |
|---|---|---|---|---|
| അബ്ദുള്ള എം | 2220254777 | 31.12.2021, 07/22 | 01/2022മുതൽ 09/2022വരെ | 14400 |
| അബ്ദുള്ള കെ | 2220254731 | 24.12.2021, 08/22 | 01/2022മുതൽ 09/2022വരെ | 14400 |
| ബാബു മൂല്യ | 2220342755 | 03.02.2022, 28/22 | 03/2022മുതൽ 06/2022വരെ | 6400 |
| ഉമ്മാലിമ്മ | 2220254796 | 03.07.2021, 144/21 | 08/2022, 09/2022 | 3200 |
| സങ്കപ്പഷെട്ടി | 2220254843 | 04.07.2021, 155/21 | 08/2021മുതൽ 09/2022വരെ | 22400 |
| രാമണ്ണ നായ്ക്ക് | 2220254818 | 16.07.2021, 173/21 | 08/2021മുതൽ 08/2022വരെ | 20800 |
| മുഹമ്മദ് | 2220254681 | 03.09.2021, 201/21 | 10/2021മുതൽ 09/2022വരെ | 19200 |
| അബ്ദുൾ റഹ്മാൻ | 2220254669 | 15.10.2021, 225/21 | 11/2021മുതൽ 09/2022വരെ | 17600 |
| അബ്ദുൾ റഹ്മാൻ കെ | 2220339980 | 11.12.2021, 252/21 | 01/2022മുതൽ 09/2022വരെ | 14400 |
| ആകെ | | | | 1,32,800/- |

മേൽ വിഷയം പരിശോധിച്ച് ഇക്കാര്യം മരണപ്പെട്ടവരുടെ ബന്ധുക്കളെ അറിയിച്ച് അനർഹമായി അനുവദിച്ച കർഷക പെൻഷൻ തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. കർഷകപെൻഷൻ വിതരണവുമായി ബന്ധപ്പെട്ട നടപടികൾ കൃഷി ഭവൻ മുഖേന സ്വീകരിക്കുന്നതിനാൽ കൃഷി ഭവൻ മുഖേന കർഷക പെൻഷൻ വാങ്ങിവരുന്ന മുഴുവൻ ഗുണഭോക്താക്കളുടേയും വിവരങ്ങൾ, ഗ്രാമ പഞ്ചായത്തിൽ നിന്നും വിവരം ശേഖരിച്ച്, മരണപ്പെട്ടവരെ പെൻഷൻ പട്ടികയിൽ നിന്നും ഒഴിവാക്കുവാനും, മരണ ശേഷം തുക അനുവദിച്ച കേസുകളിൽ തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം. 22 തീയ്യതി 19.12.2022)

1-15 ലൈഫ് ഭവന പദ്ധതി-ഭവന നിർമ്മാണം പൂർത്തികരിച്ചില്ല.

നിർവഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന ലൈഫ് (രണ്ടാം ഘട്ടം, മൂന്നാം ഘട്ടം) ഭവന പദ്ധതിയുമായി

ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 43 ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുവാനും, നിർമ്മാണം പൂർത്തീകരിച്ചിട്ടും തുടർ ഗഡുക്കൾ നൽകാത്തവർക്ക് പ്രസ്തുത തുക ലഭ്യമാക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.(യൂണിറ്റ് നിരക്ക് ജനറൽ ₹4,00,000/- എസ് സി-₹4,00,000/-, എസ്.ടി ₹6,00,000/)

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| | ജനറൽ ഗുണഭോക്താക്കൾ | | |
| 1 | കുഞ്ഞാലിമ്മ | 240000 | മേൽക്കൂര |
| 2 | ബേബി | 340000 | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 3 | പാത്തുഞ്ഞി | 300000 | മേൽക്കൂര |
| 4 | നളിനാക്ഷി | 300000 | മേൽക്കൂര |
| 5 | ലത | 300000 | മേൽക്കൂര |
| 6 | രത്ന | 230000 | മേൽക്കൂര |
| 7 | മൈമുന കെ | 300000 | മേൽക്കൂര |
| 8 | ദേവകി | 300000 | മേൽക്കൂര |
| 9 | സുബൈർ | 40000 | നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| 10 | ആവമ്മ | 40000 | നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| 11 | ഉമൈമ | 40000 | നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| 12 | റസിയ പി | 40000 | നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| 13 | രേവതി | 30000 | നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| 14 | ലളിത | 300000 | മേൽക്കൂര |
| 15 | ലത | 300000 | മേൽക്കൂര |
| 16 | സീത | 300000 | മേൽക്കൂര |
| 17 | സുലൈഖ | 300000 | മേൽക്കൂര |
| 18 | നബീസ | 300000 | മേൽക്കൂര |
| 19 | വീണ എസ് | 300000 | മേൽക്കൂര |
| 20 | രാധാമണി മോഹൻ | 350000 | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 21 | സുശീല | 350000 | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 22 | ദേവകി | 300000 | മേൽക്കൂര |
| 23 | മണിയമ്മ | 260000 | മേൽക്കൂര |
| 24 | സുലൈഖ | 300000 | മേൽക്കൂര |
| | എസ്.സി.ഗുണഭോക്താക്കൾ | | |
| 25 | സുശീല | 340000 | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 26 | ഹരീഷ | 300000 | മേൽക്കൂര |
| 27 | സുജാത സി എച്ച് | 300000 | മേൽക്കൂര |

| | | | |
|---|---|---|---|
| 28 | ജ്യോതി | 350000 | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 29 | ശ്രീജ | 350000 | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| | എസ്.ടി.ഗുണഭോക്താക്കൾ | | |
| 30 | ഗീത കുമാരി | 300000 | മേൽക്കൂര |
| 31 | ജയ | 140000 | തറ |
| 32 | രേവതി | 240000 | മേൽക്കൂര |
| 33 | രാധ കെ ആർ | 300000 | മേൽക്കൂര |
| 34 | സുജാത സി കെ | 300000 | മേൽക്കൂര |
| 35 | വസന്ത | 300000 | മേൽക്കൂര |
| 36 | സീത | 350000 | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 37 | ജനാർദ്ദന | 300000 | മേൽക്കൂര |
| 38 | ഗീത | 360000 | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 39 | ലക്ഷ്മി | 360000 | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 40 | ശാരദ | 200000 | പൂർത്തീകരിച്ചു |
| 41 | സരോജ | 300000 | മേൽക്കൂര |
| 42 | ഗിരിജ | 300000 | മേൽക്കൂര |
| 43 | വാരിജ | 300000 | മേൽക്കൂര |

മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 17 തീയ്യതി 20.12.2022 ന് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം 40 ൽ സൂചിപ്പിച്ച ശ്രീമതി ശാരദ എന്നവർ പൂർത്തീകരിച്ച വീടിന്റെ വിസ്തീർണ്ണം 100 M2 ൽ അധികരിച്ചതിനാൽ തുടർ ഗഡുക്കൾ നൽകിയിട്ടില്ല എന്നും അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ വീട് നിർമ്മാണം പുരോഗമിക്കുകയാണെന്നും പ്രവൃത്തി പൂർത്തിയാവുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

### 1-16 ചെയ്യാത്ത ഇനം പ്രവൃത്തിക്ക് അളവ് രേഖപ്പെടുത്തി തുക നൽകി-7526/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ചില പ്രവൃത്തികളിൽ ഒബ്സർവ്ഡ് ഡാറ്റയായി Providing Name Board എന്ന ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങി എം ബുക്ക് പ്രകാരം നിർവഹണം നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ LID&EWഅസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ 12.12.2022, 16.12.2022 എന്നീ തിയ്യതികളിലായി നടത്തിയ സ്ഥല പരിശോധനയിൽ പ്രസ്തുത Name Board സ്ഥാപിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. പ്രവൃത്തിയുടെ വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-17 ടെണ്ടർ കിഴിവ് നടത്താതെ കരാറുകാരന് തുക അനുവദിച്ചു -15084/-രൂപയുടെ അധിക ചെലവ്.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

2021-22 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം ഗാംഗ്വവട്ടുക്ക റോഡ് സൈഡ്

പ്രൊട്ടക്ഷൻ (പ്രൊജക്റ്റ് നം. 120/22) എന്ന പ്രവൃത്തിയുടെ ഫസ്റ്റ് & ഫൈനൽ ബിൽ പ്രകാരം കരാറുകാരന് തുക അനുവദിച്ചപ്പോൾ ടെണ്ടർ കിഴിവ് നടത്താത്തതിനാൽ 15084/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ഖണ്ഡിക 3-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-18 ലംപ്സം പ്രോവിഷൻ ഇട്ട് ഇൻവോയ്സുകൾ പ്രകാരം മൂല്യം രേഖപ്പെടുത്തിയ ഇനങ്ങൾക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചതിനാൽ 7212/- രൂപയുടെ അധികച്ചെലവ്.

സർക്കാർ സർക്കുലർ നം. 18/2019/ഫിൻ, തിയതി 01/03/2019 അനുസരിച്ച് പി.ഡബ്ല്യു.ഡി ചീഫ് എഞ്ചിനീയറുടെ 06.032019 ലെ സർക്കുലർ നമ്പർ CE/Admin/PLA/EMP/1014/(A)/05 പ്രകാരം 15.03.2019 മുതൽ കാസറഗോഡ് ജില്ലയിൽ പ്രാബല്യത്തിൽ വന്ന കോസ്റ്റ് ഇൻഡക്സ് ആയ 32.04% അടിസ്ഥാനമാക്കി തയ്യാറാക്കിയ എസ്റ്റിമേറ്റുകൾക്ക ജി.എസ്.ടി കോമ്പൻസേഷൻ വകയിരുത്താനും കരാറുകാർക്ക് നൽകാനും വ്യവസ്ഥചെയ്യുന്നുണ്ട്. എന്നാൽ എസ്റ്റിമേറ്റിൽ ലംപ്സം പ്രോവിഷൻ ഇട്ട് ഇൻവോയ്സുകൾ പ്രകാരം മൂല്യം രേഖപ്പെടുത്തുന്ന സാധന സാമഗ്രികൾക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദനീയമല്ല. മുളിഗദ്ദെ അംഗൻവാടി കെട്ടിട നവീകരണം, പെരുവൊടി അംഗൻവാടി നവീകരണം എന്നീ പദ്ധതികളിൽ സ്ഥാപനം നൽകിയ 18% ജി.എസ്.ടി. തുക ഉൾപ്പെടെയുള്ള ഇൻവോയ്സ് തുകയ്ക്ക് 12% ജി.എസ്.ടി. കോമ്പൻസേഷൻ കൂടി അനുവദിച്ചതിനാൽ 7212/- രൂപയുടെ അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ഖണ്ഡിക 3-3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-19 മുളിഗദ്ദെ ടൂറിസ്റ്റ് ബംഗ്ലാവ് റെന്നോവേഷൻ-15527/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനീയർ

ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ മുളിഗദ്ദെ ടൂറിസ്റ്റ് ബംഗ്ലാവ് റെന്നോവേഷൻ എന്ന പ്രവൃത്തിയിൽ ചെയ്യാത്ത ഇനം പ്രവൃത്തിക്ക് അളവ് രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയത് മൂലം 15,527/- രൂപയുടെ അധിക ചെലവ് സംഭവിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശങ്ങൾ ഖണ്ഡിക 3-4 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-20 സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട GST കുറവു ചെയ്യുന്നില്ല.

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ ചുവടെ പരാമർശിക്കുന്ന പ്രവൃത്തിയിൽ കരാറുകാരനു തുക അനുവദിച്ചപ്പോൾ സ്രോതസ്സുകളിൽ നിന്നും GST കുറവ് ചെയ്തതായി കാണുന്നില്ല.

കുരുപ്പദവ് AUPസ്കൂളിന് ടോയ്‌ലറ്റ് നിർമ്മാണം-185/22

കരാറുകാരൻ-മുഹമ്മദ് ഹനീഫ് പി

| | |
|---|---|
| ബിൽ നം/തീയ്യതി | 21200652017101251776/05.03.2022,<br>തുക-15617/-,<br>വൗച്ചർ നം. 22100854/ 15.03.2022<br>തുക-260000/- |
| എം ബുക്ക് നം. | 20/21-22, 40/21-22, 52/21-22 |
| Value Of Work Done | 246087/- |
| +12% GST | 29530/- |
| ആകെ | 275617/- |

| | |
|---|---|
| ഈടാക്കേണ്ടിയിരുന്ന GST@ 2% | 0.20x 246087=4921/- |

തുക ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 18 തീയ്യതി 19.12.2022)

1-21 വിവാഹ ധനസഹായം പദ്ധതി- പട്ടികവർഗ്ഗം - അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

പ്രൊജക്റ്റ് നം.66/22

അടങ്കൽ - 750000/-രൂപ - ടി.എസ്.പി

ചെലവ് - 750000/-രൂപ

1.ബിൽ റഫറൻസ് നം.21200652015600624673/9.11.21 – 375000/-രൂപ

2.ബിൽ റഫറൻസ് നം.21200652015600943980/13.1.22 – 150000/-രൂപ

3.ബിൽ റഫറൻസ് നം.21200652015600996240/22.1.22 – 75000/-രൂപ

4.ബിൽ റഫറൻസ് നം.21200652015601375631/18.3.22 – 150000/-രൂപ

പട്ടികവർഗ്ഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹധനസഹായം നൽകാനുള്ളതാണ് ഈ പദ്ധതി. 75000/-രൂപ വീതമാണ് നൽകുന്നത്. 2021-22 വർഷം ആകെ 10 പേർക്ക് 750000/-രൂപ വിതരണം ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ താഴെപ്പറയുന്നു.

| ക്രമ നം. | ഗുണഭോക്താവ് പേര് | റിമാർക്സ് |
|---|---|---|
| 1 | ജയലക്ഷ്മി, D/o രാമനായിക്,കനിയാല | 75000/- |
| 2 | ദേവകി, W/o അപ്പണ്ണ ലാൽബാഗ് (മകൾ- ഗീത.കെ) | 75000/- |
| 3 | സുശീല, W/o കൃഷ്ണ നായിക്, ബേരിപ്പദവ് (മകൾ-യോഗിണി.കെ) | 75000/- |
| 4 | ഷീന ഗൗഡ, അവള പഞ്ച (മകൾ - മല്ലിക.എം ) | 75000/- |
| 5 | കാവേരി, W/o രാമ, കനിയാല (മകൾ - ജയലക്ഷ്മി.കെ) | 75000/- |
| 6 | കമല,w/o ബാബു നായിക്, ചിപ്പാർ (മകൾ - സുമതി.എസ്) | 75000/- |
| 7 | രാജേശ്വരി,w/oഐത്തപ്പ നായിക് (മകൾ - രാധിക.കെ) | 75000/- |
| 8 | ഗിരിജ, W/o ഈശ്വര, ബായാർ (മകൾ - ലക്ഷ്മി.ജി) | 75000/- |
| 9 | കുസുമ, W/o രംഗ നായിക്, ബേരിപ്പദവ് (മകൾ- വിദ്യ.എം) | 75000/- |
| 10 | കമല,w/o രാമ, ചിപ്പാർ (മകൾ-കൃതിക.കെ) | 75000/- |
| | ആകെ | 7,50,000/- |

ആകെ 10 പേർക്ക് തുക നൽകിയതിൽ ക്രമ നം.(10) കമല, W/o രാമ എന്നവരുടെ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ഈ അനുകൂല്യം ലഭിച്ചിട്ടില്ല എന്ന സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം.06/15.12.2022 പ്രകാരം ആവശ്യപ്പെട്ടതിന് 19.12.2022 ന് മറുപടി നൽകി. പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറക്ക് ഹാജരാക്കും എന്നാണ് മറുപടി. ആവശ്യമായ രേഖകൾ ഹാജരാക്കാത്തവർക്ക് ആനുകൂല്യം നൽകുന്നത് ശരിയല്ല.ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. കമല, W/o രാമ എന്നവരുടെ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ഈ അനുകൂല്യം ലഭിച്ചിട്ടില്ല എന്ന സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കുന്നത് വരെ ടി ഗുണഭോക്താവിനു നൽകിയ 75000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-22 60 വയസ്സ് കഴിഞ്ഞ വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ പദ്ധതികൾ-അപാകത (നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി)

1)പ്രൊജക്ട് നം .60/22 - പട്ടികജാതി

അടങ്കൽ - 165300/-രൂപ - എസ്.സി.പി

ചെലവ് - 165280/-രൂപ

ബിൽ റഫറൻസ് നം.21200652015600624661/9.11.21 – 165280/-രൂപ

പട്ടികജാതിയിൽപ്പെട്ട 60 വയസ്സ് കഴിഞ്ഞ വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകാനുള്ളതാണ് ഈ പദ്ധതി. സർക്കാർ അംഗീകൃത സ്ഥാപനമായ കാഡ്കോ കോഴിക്കോടിൽ നിന്നും നേരിട്ട് കട്ടിൽ വാങ്ങുകയാണ് ചെയ്തത്. 27.10.2021 ന് കാഡ്കോ കോഴിക്കോടുമായി കരാർ ഒപ്പിട്ടു. അംഗീകൃത ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട 44 പേർക്ക് പട്ടികജാതി വികസന ഓഫീസിൽ നിന്നും ഈ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടുണ്ട്. ഇൻവോയ്സ് നം.NRO/SALES/181/Dt.1.11.2021 പ്രകാരം 38 കട്ടിലുകൾ (Hard Wood Coat With Plywood Top )വിതരണം ചെയ്തിട്ടുണ്ട്. ഇവ 38 പേർക്ക് വിതരണം ചെയ്തിട്ടുണ്ട്.

2)പ്രൊജക്ട് നം .61/22- പട്ടികവർഗ്ഗം

അടങ്കൽ - 165300/-രൂപ - ടി.എസ്.പി

ചെലവ് - 165280/-രൂപ

ബിൽ റഫറൻസ് നം.21200652015600624662/9.11.21 – 165280/-രൂപ

പട്ടിക വർഗ്ഗത്തിൽപ്പെട്ട 60 വയസ്സ് കഴിഞ്ഞ വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകാനുള്ളതാണ് ഈ പദ്ധതി. സർക്കാർ അംഗീകൃത സ്ഥാപനമായ കാഡ്കോ കോഴിക്കോടിൽ നിന്നും നേരിട്ട് കട്ടിൽ വാങ്ങുകയാണ് ചെയ്തത്. 27.10.2021 ന് കാഡ്കോ കോഴിക്കോടുമായി കരാർ ഒപ്പിട്ടു. അംഗീകൃത ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട 45 പേർക്ക് പട്ടിക വർഗ്ഗ വികസന ഓഫീസിൽ നിന്നും ഈ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടുണ്ട്. ഇൻവോയ്സ് നം.NRO/SALES/182/Dt.1.11.2021 പ്രകാരം 38 കട്ടിലുകൾ (Hard Wood Coat With Plywood Top )വിതരണം ചെയ്തിട്ടുണ്ട്. 38 പേർക്ക് വിതരണം ചെയ്തിട്ടുണ്ട്.

ഈ 2 പദ്ധതികളും നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1.2 പർച്ചേസുകളും നടത്തിയത് കാഡ്കോ കോഴിക്കോടിൽ നിന്ന് നേരിട്ടാണ്. അതിന് വില സൂചിപ്പിച്ച് നൽകിയ പ്രൊഫോർമ ഇൻവോയ്സിന് പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണസമിതി എന്നിവ അംഗീകാരം നൽകിയ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2.കാഡ്കോ കോഴിക്കോട് സാമ്പിൾ ഹാജരാക്കിയത് പരിശോധന നടത്തി ഗുണനിലവാരം ഉറപ്പ് വരുത്തിയത് സംബന്ധിച്ച രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3.പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള പദ്ധതിയിൽ കട്ടിൽ കൈപ്പറ്റിയ 38 ഗുണഭോക്താക്കളിൽ 6 പേർ ഒഴികെ 32 ഗുണഭോക്താക്കൾ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

4.പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള പദ്ധതിയിൽ കട്ടിൽ കൈപ്പറ്റിയ 38 ഗുണഭോക്താക്കളിൽ 7

പേർ ഒഴികെ 31 ഗുണഭോക്താക്കൾ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

അപാകതകൾ ഓഡിറ്റ് എൻക്വയറികൾ (04/15.12.2022, 05/15.12.2022) മുഖാന്തിരം അറിയിച്ചതിന് 19.12.2022ന് മറുപടി നൽകിയിട്ടുണ്ട്. ക്രമ നം.(1),(2) എന്നിവയ്ക്ക് ചൂണ്ടിക്കാട്ടിയ അപാകതകൾ ഭാവിയിൽ ശ്രദ്ധിക്കാമെന്നും ക്രമ നം.(3),(4)എന്നിവയ്ക്ക് 60 വയസ്സ് കഴിഞ്ഞതിനാൽ ജാതി സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വകുപ്പിൽ നിന്ന് കൈപ്പറ്റുന്നതിന് ബുദ്ധിമുട്ടാണ്, അതിന് ഭാരിച്ച ചെലവ് വരും, ചിലരുടെ മക്കളുടെ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട് അത് പരിഗണിച്ച് പരാമർശം ഒഴിവാക്കണം എന്നുമാണ് മറുപടി നൽകിയത്.

2 പദ്ധതികളും നടപ്പിലാക്കിയതിൽ അപാകതകൾ കണ്ടെത്തിയതിന് നൽകിയ മറുപടികൾ തൃപ്തികരമല്ല. നേരിട്ട് പർച്ചേസ് നടത്തുമ്പോൾ വില മറ്റ് വിശദവിവരങ്ങൾ എന്നിവ കാണിച്ച് പ്രഫോർമ ഇൻവോയ്സ് നൽകിയാൽ അതിന് അംഗീകാരം വാങ്ങിയാണ് പർച്ചേസ് നടത്തേണ്ടത്. ഈ വിഭാഗത്തിൽപ്പെട്ട അർഹർക്ക് തന്നെയാണ് ആനുകൂല്യം ലഭിക്കുന്നത് എന്ന് ഉറപ്പുവരുത്താൻ ജാതി സംബന്ധമായ രേഖകൾ കൃത്യമായി ഹാജരാക്കുന്നവരെ മാത്രമെ ഭാവിയിൽ ആനുകൂല്യങ്ങൾക്ക് പരിഗണിക്കാൻ പാടുള്ളൂ, ഇക്കാര്യങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കണം.

1-23 പച്ചമലയാളം പദ്ധതി-സാക്ഷരതാ മിഷന് വിഹിതം നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

പ്രൊജക്ട് നം.279/22

അടങ്കൽ - 1,00,000/-രൂപ (പ്ലാൻ ജനറൽ - 92700/-രൂപ + തനത് ഫണ്ട് - 7300/-രൂപ )

ചെലവ് - 1,00,000/-രൂപ

ബിൽ നം.04/2021-22/12.1.2022 – 92,700/-രൂപ

ബിൽ നം.05/2021-22/12.1.2022 - 7,300/-രൂപ

കേരള സംസ്ഥാന സാക്ഷരതാ മിഷൻ നടപ്പിലാക്കുന്ന പച്ചമലയാളം സർട്ടിഫിക്കറ്റ് കോഴ്സിന് രജിസ്ട്രേഷൻ നടത്തി പഠനം പൂർത്തിയാക്കി വരുന്ന പൈവളികെ ഗ്രാമപഞ്ചായത്തിലെ പഠിതാക്കൾക്ക് ,കോഴ്സ് ഫീസ് ഇനത്തിൽ തുക നൽകുന്നതിന് വേണ്ടി 2021-22 വർഷത്തിൽ നടപ്പിലാക്കിയ പദ്ധതിയാണിത്. ജില്ലാ മിഷൻ കോർഡിനേറ്റർ സാക്ഷരതാ മിഷൻ കാസറഗോഡ് 30.12.2021 ന് കത്ത് നം.DLM/KSD/പ്രൊജക്ട്ഫണ്ട്/630/2021 പ്രകാരം, ആകെ 40 പഠിതാക്കൾക്ക് ഫീസ് 2500/-രൂപ അനുസരിച്ച് 1,00,000/-രൂപ ഒടുക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ കത്തിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചത്. ഈ 40 പഠിതാക്കളുടെയും രജിസ്ട്രേഷൻ നടത്തിയതിന്റെ രേഖകൾ, കോഴ്സ് വിജയകരമായി പൂർത്തീകരിച്ചതിന്റെ സർട്ടിഫിക്കറ്റ് എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.03/15.12.2022 പ്രകാരം ഇവ ആവശ്യപ്പെട്ടതനുസരിച്ച് രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കി. കോഴ്സ് വിജയകരമായി പൂർത്തീകരിച്ചത് സംബന്ധമായ രേഖകൾ സാക്ഷരതാ മിഷനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ലഭ്യമാവുന്ന മുറക്ക് ഹാജരാക്കും എന്നാണ് മറുപടി നൽകിയത്. ആയത് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-24 ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ പുനരുദ്ധാരണം പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.59/22

അടങ്കൽ - 25,00,400/-രൂപ (തനത് ഫണ്ട് - 536+ മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്-2499864)

ആകെ ചെലവ് - 24,95,682/-രൂപ (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)

ബിൽ റഫറൻസ് നം.21200652002901530921/30.3.22 – 24,95,682/-രൂപ

ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ പ്രവർത്തന ക്ഷമമല്ലാത്ത 662 തെരുവ് വിളക്കുകൾ പ്രവർത്തനക്ഷമമാക്കുന്നതിനാണ് ഈ പദ്ധതി. പ്രവർത്തിയുടെ ഗുണമേന്മ ഉറപ്പ് വരുത്തി 3 വർഷത്തെ വാറണ്ടിയോടെ പ്രവർത്തനക്ഷമമാക്കിയാണ് പ്രവർത്തി നടത്താൻ തീരുമാനിച്ചിട്ടുള്ളത്. പദ്ധതി പ്രകാരം ഒരു തെരുവ് വിളക്കിന് റിമൂവിംഗ്, സർവ്വീസിംഗ് & ഫിറ്റിംഗ് ചാർജ്ജുകൾ ഉൾപ്പെടെ പരമാവധി 3800.793/-രൂപയാണ് ചെലവ് നിശ്ചയിച്ചിരിക്കുന്നത്. കേരളാ ഇലക്ട്രിക്കൽ ആന്റ് അലീഡ് എഞ്ചിനീയറിംഗ് കോർപ്പറേഷൻ ലിമിറ്റഡ് (KEL)വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇവർ പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൽട്ടൻസി എജൻസി (PMC) ആയി പ്രവർത്തി നടത്തുകയാണ് ചെയ്തത്. പ്രവർത്തി നൽകിയത് അലുമിന ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിനാണ്. നം.FL/MKTG/HML/36/P367/2021 /Dt.7.10.2021 പ്രകാരം KEL വിവിധ LEDകളുടെ വിലവിവരം കാണിച്ച് കത്ത് നൽകിയിട്ടുണ്ട്. അതിൽ 36Watt LED Street Light -Automatic Operation ന് ഒന്നിന് 4800/- രൂപ ആണ് തെരെഞ്ഞെടുത്തത്. ആകെ 520 എണ്ണത്തിന് 24,96,000/-രൂപയാണ് വില. 16.3.2022 ന് ഒപ്പിട്ട കരാർ ഹാജരാക്കിയിട്ടുണ്ട്. കത്ത് നം.SEC/PVK/01/2022/Dt.29.3.22 പ്രകാരം അസി.എഞ്ചിനീയർ, KSEB പൈവളികെ സെക്ഷൻ, ഉപ്പള സെക്ഷൻ എന്നവരോട് യഥാക്രമം 372,55 (ആകെ 427) എന്നിങ്ങനെ തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിന് അനുമതി ചോദിച്ചിട്ടുണ്ട്. ബിൽ റഫറൻസ് നം.2120065200290153O921/30.3.22 പ്രകാരം ആകെ 24,95,682/-രൂപയിൽ KEL ന് 1,84,864/-രൂപയും (അക്കൗണ്ട് നം.57033061452/SBI)അലുമിന ഇലക്ട്രോണിക്സിന് 22,87,709/-രൂപയും (അക്കൗണ്ട് നം.918020011232546/UTIBank)ആദായനികുതി ഇനത്തിൽ 23109/-രൂപയും ചെലവഴിച്ചിട്ടുണ്ട്.

ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1.ഹാജരാക്കിയ പദ്ധതി പ്രകാരം ഒരു LED തെരുവ് വിളക്കിന് പരമാവധി വില 3800.793 രൂപയാണ്, പക്ഷെ വാങ്ങിയിരിക്കുന്നത് 4800/-രൂപ വില വരുന്ന LED തെരുവ് വിളക്കാണ്. കൂടാതെ 662 തെരുവ് വിളക്കാണ് മാറ്റേണ്ടത്, പക്ഷെ 520 എണ്ണമാണ് മാറ്റിയതായി പറയുന്നത്. പദ്ധതി ഇതിനനുസരിച്ച് റിവൈസ് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമല്ല. പുതുക്കിയ പദ്ധതി ഹാജരാക്കിയിട്ടില്ല.

2.KEL സമർപ്പിച്ച പ്രൊപ്പോസൽ - 36Watt LED Street Light -Automatic Operation ന് ഒന്നിന് 4800/-രൂപ- എന്നതിന് ഭരണസമിതി അംഗീകാരം നൽകിയ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3.എന്ത് അടിസ്ഥാനമാക്കിയാണ് 24,95,682/-രൂപ നൽകിയത് എന്ന് വ്യക്തമല്ല. KEL/അലുമിന ഇലക്ട്രോണിക്സ് പ്രവർത്തി പൂർത്തീകരിച്ച് നൽകിയ കംപ്ലീഷൻ റിപ്പോർട്ട്, വിലവിവരം എണ്ണം എന്നിവ സൂചിപ്പിക്കുന്ന ബില്ല്/ഇൻവോയ്സ് എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4.പദ്ധതി നടപ്പിലാക്കുന്നതിന് KSEB യുടെ അനുമതി ആവശ്യമാണ്. ഹാജരാക്കിയ രേഖകൾ പ്രകാരം ആകെ 427 എണ്ണത്തിനാണ് അനുമതിക്ക് കത്ത് നൽകിയത്, ബാക്കി 93 എണ്ണം അനുമതി കൂടാതെയാണോ മാറ്റിയത്, അനുമതി വാങ്ങിയിരുന്നുവോ എന്ന് വിശദീകരിച്ചിട്ടില്ല. സൂപ്പർവിഷൻ ചാർജ്ജ് നൽകിയതിന് രേഖകൾ ഹാജരാക്കിയിട്ടില്ല.

5.KEL പ്രവർത്തി ഏൽപ്പിച്ച അലുമിന ഇലക്ട്രോണിക്സ് 520 എണ്ണം തെരുവ് വിളക്ക് മാറ്റുന്ന പ്രവർത്തി പൂർത്തീകരിച്ച് സമർപ്പിച്ച വൈദ്യുതി പോസ്റ്റ് നമ്പർ/വാർഡ് നമ്പർ സഹിതമുള്ള സാക്ഷ്യപത്രം KSEB കൗണ്ടർസൈൻ ചെയ്തത് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

6.ആദായനികുതി ഇനത്തിൽ കിഴിവ് നടത്തിയ 23109/-രൂപ ഒടുക്കിയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ ഓഡിറ്റ് എൻക്വയറി നം.12/17.12.2022 പ്രകാരം ചൂണ്ടിക്കാണിച്ചതിന് 19.12.2022 ന് മറുപടി നൽകിയിട്ടുണ്ട്. മറുപടി നൽകിയത് ഇപ്രകാരമാണ്,

1.പ്രൊജക്റ്റ് പ്രകാരമുള്ള 3800.793യിൽ കൂടിയ വില 4800/-രൂപയായത് അനുസരിച്ച് പ്രൊജക്റ്റ് റിവൈസ് ചെയ്തിട്ടില്ല.

2.പ്രൊഫോർമ ഇൻവോയ്സിന് ഭരണസമിതി, പ്രൊക്യൂർമെന്റ് കമ്മിറ്റി എന്നിവയുടെ അംഗീകാരം വാങ്ങിയിട്ടില്ല.

3.ബില്ല്/ഇൻവോയ്സ് എന്നിവ KEL ലഭ്യമാക്കുന്ന മുറക്ക് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കുന്നതാണ്.

4.93 എണ്ണം മാറ്റുന്നതിന് KSEB അനുമതി വാങ്ങിയിട്ടില്ല, ബാക്കിയുള്ളതിന് സൂപ്പർവിഷൻ ചാർജ്ജ് അടച്ച രേഖകൾ ഇതോടൊപ്പം ഹാജരാക്കുന്നു (പരിശോധിച്ചു).

5.520 എണ്ണം തെരുവ് വിളക്ക് മാറ്റുന്ന പ്രവർത്തി പൂർത്തീകരിച്ച് KEL സമർപ്പിച്ച വൈദ്യുതി പോസ്റ്റ് നമ്പർ/വാർഡ് നമ്പർ സഹിതമുള്ള സാക്ഷ്യപത്രം KSEB കൗണ്ടർസൈൻ ചെയ്തത് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കുന്നതാണ്.

6.ആദായനികുതി ഇനത്തിൽ കിഴിവ് നടത്തിയ 23109/-രൂപ ഒടുക്കിയതിന്റെ രേഖകൾ ഇതോടൊപ്പം ഹാജരാക്കുന്നു.(പരിശോധിച്ചു)

പ്രവർത്തി ഏൽപ്പിച്ച സ്ഥാപനം പ്രവർത്തി പൂർത്തീകരിച്ച് രേഖകൾ ഹാജരാക്കി, ബില്ല്/ഇൻവോയ്സ് സമർപ്പിച്ചാലാണ് പേമെന്റ് നടത്തേണ്ടത്. മറുപടി പരിശോധിച്ചപ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി യാതൊരുവിധ മാനദണ്ഡങ്ങളും പാലിക്കാതെയാണ് ഈ പദ്ധതി നടപ്പിലാക്കിയത് എന്ന് വ്യക്തമാണ്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അപാകതകൾക്ക് കൃത്യമായ വിശദീകരണം നൽകേണ്ടതാണ്, ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 24,95,682/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-25 വിവിധ സ്ഥലങ്ങളിൽ ബോർവെൽ നിർമ്മാണം പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.234/22

അടങ്കൽ - ധനകാര്യ കമ്മീഷൻ അവാർഡ് - 1349845/-രൂപ (ചെലവ് - 613108/-രൂപ )

തനത് ഫണ്ട് - 125000/-രൂപ ( ചെലവ് - ഇല്ല )

ആകെ അടങ്കൽ - 14,74,845/-രൂപ

ആകെ ചെലവ് - 6,13,108/-രൂപ

1.ബിൽ റഫറൻസ് നം.21200652002901193276/24.2.22 – 488108/-രൂപ

2.ബിൽ റഫറൻസ് നം.21200652002901193283/24.2.22 – 125000/-രൂപ

പൈവളികെ ഗ്രാമപഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ ബോർവെൽ കുഴിച്ച് ശുദ്ധജല ലഭ്യത ഉറപ്പാക്കാനുള്ള പദ്ധതിയാണിത്. ഭൂജല വകുപ്പ് കാസറഗോഡ് വഴി ഡെപ്പോസിറ്റ് പ്രവർത്തിയായാണ് പദ്ധതി നടപ്പിലാക്കുന്നത്. 2021-22 വർഷത്തിൽ ബോർവെൽ കുഴിക്കുന്നതിന് തുക നൽകിയ പ്രദേശങ്ങൾ താഴെപ്പറയുന്നു. 16.11.2021 ന് കത്ത് നം.GWK/368/21 പ്രകാരം ഭൂജലവകുപ്പ് ഇതിനായി ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. 23.2.2022 ന് കരാർ ഒപ്പിട്ടിട്ടുണ്ട്. അതോടൊപ്പം തന്നെ ഇതിന്റെ എസ്റ്റിമേറ്റും സമർപ്പിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ബോർവെൽ കുഴിക്കുന്ന സ്ഥലം | എസ്റ്റിമേറ്റ് തുക |
|---|---|---|
| 1 | അവല കല്ലട്ടുക്ക | 133000.00 |
| 2 | മന്നിപ്പാടി അംഗൻവാടി | 116726.00 |
| 3 | കായക്കട്ടെ വാളച്ചാൽ | 119726.00 |
| 4 | അജ്ജക്കല | 118104.00 |

| | | |
|---|---|---|
| 5 | പൈവളികെ സുന്നി സെന്റർ | 125552.00 |
| ആകെ | | 6,13,108/- |

മേൽ 2 ബില്ലുകൾ പ്രകാരം 6,13,108/- രൂപ ഭൂജല വകുപ്പിന് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. അക്കൗണ്ട് നം.67304078476/SBI.

ഈ പ്രവർത്തികൾ പൂർത്തീകരിച്ചതിന്റെ രേഖകൾ തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.11/17.12.2022 നൽകിയതിന് 19.12.2022 ന് മറുപടി നൽകി. ഭൂജല വകുപ്പിൽ നിന്നും ലഭിക്കുന്ന മുറക്ക് ഹാജരാക്കും എന്നാണ് മറുപടി.അതുവരെ ചെലവ് തുക 6,13,108/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-26 കുണ്ടച്ചക്കട്ടെ-ശാന്തിയോട് പ്രദേശത്ത് കേരളാ ജല അതോറിറ്റി പൈപ്പ് ലൈൻ നീട്ടൽ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.278/22

അടങ്കൽ - ധനകാര്യ കമ്മീഷൻ അവാർഡ് - 400000/-രൂപ

ചെലവ് - 400000/-രൂപ

വൗച്ചർ നം.22100937/31.3.2022 – 400000/-രൂപ

പൈവളികെ ഗ്രാമപഞ്ചായത്തിലെ ഉപ്പള കുടിവെള്ള പദ്ധതിയിൽ നിന്നും കുണ്ടച്ചക്കട്ടെ, ശാന്തിയോട് പ്രദേശത്തേക്ക് പൈപ്പ് ലൈൻ നീട്ടി കുടിവെള്ള സൗകര്യം ഏർപ്പെടുത്തുന്നതിനാണ് ഈ പദ്ധതി. കേരളാ ജല അതോറിറ്റി പൊതുജനാരോഗ്യ വിഭാഗം എക്സി.എഞ്ചിനീയർ, കാസറഗോഡ് കത്ത് നം.D2-5611/2022 /Dt.18.3.2022 പ്രകാരം ഇതിനായി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. ആകെ 400000/-രൂപയാണ് എസ്റ്റിമേറ്റ് തുക. ഈ തുക കേരളാ ജല അതോറിറ്റിയുടെ അക്കൗണ്ട് നം.10510439545/SBI യിലേക്ക് നിക്ഷേപിക്കാനും കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. 22.3.2022 തിയ്യതിയിലെ കരാർ ഹാജരാക്കിയിട്ടുണ്ട്. വൗച്ചർ നം.22100937/31.3.2022 പ്രകാരം 400000/-രൂപ പ്രസ്തുത അക്കൗണ്ടിലേക്ക് നിക്ഷേപിക്കുകയും കത്ത് നം.എസ്.സി1-3022/21/തിയ്യതി-9.5.2022 പ്രകാരം കേരളാ ജല അതോറിറ്റിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1.ഹാജരാക്കിയ കരാറിൽ കേരളാ ജല അതോറിറ്റിക്ക് വേണ്ടിയോ ഗ്രാമപഞ്ചായത്തിന് വേണ്ടിയോ ആരും ഒപ്പ് വെച്ചിട്ടില്ല.

2.പ്രവർത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.13/17.12.2022 നൽകിയതിന് 19.12.2022ന് മറുപടി നൽകിയിട്ടുണ്ട്. കരാറിൽ ഇരു വിഭാഗങ്ങളുടെയും ഒപ്പ് രേഖപ്പെടുത്തി കാലികമാക്കുമെന്നും പൂർത്തീകരിച്ച രേഖകൾ വിനയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുമെന്നുമാണ് മറുപടി.അതുവരെ ചെലവ് തുക 400000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-27 ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ തെരുവ് വിളക്ക് ലൈൻ സ്ഥാപിക്കൽ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.58/22

അടങ്കൽ - 1.ധനകാര്യ കമ്മീഷൻ അവാർഡ് - 400000/-രൂപ

ചെലവ് - 397202/-രൂപ

2.മറ്റ് വിഹിതം - 2450000/-രൂപ

ചെലവ് - ഇല്ല.

വൗച്ചർ നം.22100867/17.3.2022 – 397202/-രൂപ

പൈവളികെ ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ തെരുവ് വിളക്ക് ലൈൻ വലിക്കാനുള്ള പദ്ധതിയാണിത്. ആകെ 28,50,000/-രൂപ അടങ്കലാണ് പദ്ധതിക്ക്, അതിന്റെ ഒരു ഭാഗമാണ് 2021-22 വർഷം ചെലവഴിച്ചിട്ടുള്ളത്. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ഉപ്പള, പൈവളികെ സെക്ഷനുകളാണ് ഈ പ്രവർത്തി നടത്തിയിരിക്കുന്നത്. ഇതിനായി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഉപ്പള സെക്ഷൻ നം.35/2021-22/AEE/UPL/Dt.11.3.2022 പ്രകാരം 200000/-രൂപയ്ക്ക് ഭരണാനുമതിയും, എസ്റ്റിമേറ്റും, കത്ത് നം.AS/6267/21-22/357/Dt.10.2.2022 പ്രകാരം 197202/-രൂപയ്ക്ക് ഭരണാനുമതിയും എസ്റ്റിമേറ്റും നൽകിയിട്ടുണ്ട്. ഇതിൽ 200000/-രൂപ ഉപ്പള സെക്ഷനും, 197202/-രൂപ പൈവളികെ സെക്ഷനും ഒടുക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്. 18.3.2022 തിയ്യതിയിലെ കരാർ ഹാജരാക്കിയിട്ടുണ്ട്. വൗച്ചർ നം.22100867/17.3.2022 പ്രകാരം 200000/-രൂപ ഉപ്പള സെക്ഷന്റെ അക്കൗണ്ട് നം.42103170000077/കാനറാ ബാങ്ക് ശാഖയിലേക്കും, 197202/-രൂപ പൈവളികെ സെക്ഷന്റെ അക്കൗണ്ട് നം.42303170000020/കാനറാ ബാങ്ക് ശാഖയിലേക്കും നിക്ഷേപം നടത്തിയിട്ടുണ്ട്. 21.7.2022 ന് കത്ത് നം.എസ്.സി.1-974/2022 പ്രകാരം 2 KSEB സെക്ഷനുകളോടും പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിവരം ചോദിച്ചിട്ടുണ്ട്. 197202/-രൂപയുടെ വിനിയയോഗ സാക്ഷ്യപത്രം പൈവളികെ സെക്ഷൻ ഹാജരാക്കിയിട്ടുണ്ട്. 200000/-രൂപയുടെ ഉപ്പള സെക്ഷന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാവുന്ന മുറക്ക് ഹാജരാക്കുമെന്നാണ് ഓഡിറ്റ് എൻക്വയറി പ്രകാരം രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയത്. അതുവരെ ചെലവ് തുക 200000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (ഓഡിറ്റ് എൻക്വയറി നം .14/17.12.2022 )

1-28 ഭിന്ന ശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വാങ്ങി നൽകൽ-അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 263/21-22 |
| പ്രോജക്ടിന്റെ പേര് | ഭിന്ന ശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വാങ്ങി നൽകൽ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 6,00,000 |
| ചെലവ് തുക | 4,80,000 |
| ബിൽ റഫറൻസ് നമ്പർ, തീയതി | 21200652016301398446/21-03-2022 |

പൈവളികെ ഗ്രാമ പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ ഭിന്ന ശേഷിക്കാർക്ക് Keltron നിന്ന് 6 ഗുണഭോക്താക്കൾക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വാങ്ങി വിതരണ ചെയ്തിട്ടുണ്ട്.എന്നാൽ 5 ഗുണഭോക്താക്കൾക്ക് ഡ്രൈവിംഗ് ലൈസൻസ് നാളിതുവരെയായി ലഭിച്ചിട്ടില്ല.ആയത്തിനാൽ ഡ്രൈവിംഗ് ലൈസൻസ് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. ആയതിന്റെ വിശദാംശങ്ങൾ ചുവടെകൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | ലേണേഴ്സ് ലൈസൻസ് ലഭിച്ച തീയ്യതി | രജിസ്റ്റർ നമ്പർ |
|---|---|---|
| അബ്ദുള്ള അറബി ലാൽഭാഗ് -ചിപ്പാർ | 25-01-2022 മുതൽ 24-07-2022 വരെ | KL-14AB5419 |
| ഭാർഗവി ഇഡിയാല ഹൌസ് കുരുടപ്പദവ് | 10-02-2022 മുതൽ 09-08-2022 | KL-14AB5422 |
| അബ്ദുൾ ഖാദർ പി.ജി പൈവളികെ | 25-02-2022 മുതൽ 24-08-2022 വരെ | KL-14AB5365 |

| | | |
|---|---|---|
| രാമ മൂല്യ കുടൽമെർക്കള | 21-02-2022 മുതൽ 20-08-2022 വരെ | KL-14AB5542 |
| ശ്രീമതി.പ്രജിന.ബി.എസ് ബായർ ടെമ്പിൾ | 03-03-2022 മുതൽ 02-09-2022 വരെ | KL-14AB5535 |

ഓഡിറ്റ് എൻക്വയറി നം.11/21.11.2022 പ്രകാരം മേൽ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ ഡ്രൈവിംഗ് ലൈസൻസ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-29 സാന്ത്വന പരിചരണ പരിപാടി ഹോം കെയർ സന്ദർശനം പ്രവർത്തനങ്ങൾക്ക് വാഹനം വാടകയ്ക്ക് എടുത്തത് -അപാകത

| | |
|---|---|
| പ്രോജക്ട് നം. | S092/2022 |
| പ്രോജക്ടിന്റെ പേര് | സാന്ത്വന പരിചരണ പരിപാടി. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി.പൈവളികെ |
| അടങ്കൽ | 900000/-( വികസന ഫണ്ട് - ജനറൽ & റോഡിതര ) |
| ചെലവ് തുക | 2,16,700/- |

ഗ്രാമ പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സാന്ത്വന പരിചരണ പരിപാടി ഹോം കെയർ സന്ദർശനം പ്രവർത്തനങ്ങൾക്ക് വാഹന വാടക നൽകുന്നതിനുവേണ്ടി വികസന ഫണ്ടിൽ നിന്നും 2,16,700/-രൂപ ചെലവഴിച്ചിട്ടുണ്ട്. സതീഷ ഷെട്ടി എന്നിവരുടെ ഉടമസ്ഥതയിലുള്ള KL-14 A-5922 നമ്പർ ടാക്സി വാഹനം ഫീൽഡ് വിസിറ്റ് ഹോം കെയർ സന്ദർശനം പ്രവർത്തനങ്ങൾക്ക് വാഹന വാടകയ്ക്ക് എടുത്ത് ഉപയോഗിച്ചിട്ടുണ്ട്. 1100 /-രൂപ ദിവസവേതന നിരക്കിലാണ് വാഹനം വാടകയ്ക്ക് എടുത്തിട്ടുള്ളത്. ഇതുപ്രകാരം ശ്രീ.സതീഷ ഷെട്ടി എന്ന വ്യക്തിക്ക് ആകെ 2,16,700/- അനുവദിച്ചിട്ടുണ്ട് ആയതിന്റെ വിശദവിവരം ചുവടെകൊടുക്കുന്നു.

| ക്രമ നം | ട്രിപ്പ് ഷീറ്റ് പ്രകാരം വാഹനം ഓടിയ തീയ്യതി | പുറപ്പെടുന്ന മുമ്പുള്ള കിലോ മീറ്റർ &വന്നു ചെരുന്ന സമയത്തെ കിലോ മീറ്റർ | വാഹനം ഓടിയ കിലോമീറ്റർ | നൽകിയ തുക |
|---|---|---|---|---|
| ബിൽ റഫറൻസ് നമ്പർ 21200252021001404835 തീയ്യതി.22.03.2022, Rs.17,600/- | | | | |
| 1 | 01-04-2021 | 22050-22098 | 48 | 1100 |
| 2 | 03-04-2021 | 22118-22176 | 58 | 1100 |
| 3 | 08-04-2021 | 22202-22262 | 60 | 1100 |
| 4 | 09-04-2021 | 22287-22336 | 49 | 1100 |
| 5 | 10-04-2021 | 22357-22408 | 51 | 1100 |
| 6 | 12-04-2021 | 22426-22474 | 48 | 1100 |
| 7 | 13-04-2021 | 22490-22537 | 47 | 1100 |
| 8 | 15-04-2021 | 22559-22609 | 50 | 1100 |
| 9 | 16-04-2021 | 22630-22683 | 53 | 1100 |
| 10 | 17-04-2021 | 22705-22755 | 50 | 1100 |
| 11 | 19-04-2021 | 22771-22827 | 56 | 1100 |

| | | | | |
|---|---|---|---|---|
| 12 | 20-04-2021 | 22849-22897 | 48 | 1100 |
| 13 | 22-04-2021 | 22919-22973 | 54 | 1100 |
| 14 | 23-04-2021 | 22995-23046 | 51 | 1100 |
| 15 | 24-04-2021 | 23058-23118 | 60 | 1100 |
| 16 | 26-04-2021 | 23140-23198 | 58 | 1100 |
| | ബിൽ റഫറൻസ് നമ്പർ. 212006520158000098598 തീയ്യതി. 02-06-2021, Rs.17,600/- | | | |
| 17 | 04-05-2021 | 23378-23428 | 50 | 1100 |
| 18 | 06-05-2021 | 23448-23497 | 49 | 1100 |
| 19 | 07-05-2021 | 23519-23577 | 58 | 1100 |
| 20 | 08-05-2021 | 23589-23638 | 49 | 1100 |
| 21 | 10-05-2021 | 23650-23700 | 50 | 1100 |
| 22 | 11-05-2021 | 23719-23771 | 52 | 1100 |
| 23 | 14-05-20021 | 23790-23841 | 51 | 1100 |
| 24 | 17-05-2021 | 23863-23919 | 56 | 1100 |
| 25 | 18-05-2021 | 23941-23989 | 48 | 1100 |
| 26 | 20-05-2021 | 24008-24057 | 49 | 1100 |
| 27 | 21-05-2021 | 24074-24126 | 52 | 1100 |
| 28 | 22-05-2021 | 24145-24198 | 53 | 1100 |
| 29 | 24-05-2021 | 24213-24267 | 54 | 1100 |
| 30 | 25-05-2021 | 24285-24345 | 60 | 1100 |
| 31 | 27-05-2021 | 24309-24359 | 50 | 1100 |
| 32 | 28-05-2021 | 24441-24496 | 55 | 1100 |
| | ബിൽ റഫറൻസ് നമ്പർ. 21200652015800182789തീയ്യതി. 08-07-2021,Rs.17,600/- | | | |
| 33 | 04-06-2021 | 24632-24679 | 47 | 1100 |
| 34 | 05-06-2021 | 24701-24748 | 47 | 1100 |
| 35 | 07-06-2021 | 24789-24837 | 48 | 1100 |
| 36 | 08-06-2021 | 24859-24908 | 49 | 1100 |
| 37 | 10-06-2021 | 24952--25006 | 54 | 1100 |
| 38 | 14-06-2021 | 25051-25103 | 52 | 1100 |
| 39 | 15-06-2021 | 25122-25175 | 53 | 1100 |
| 40 | 17-06-2021 | 25203-25252 | 49 | 1100 |
| 41 | 18-06-2021 | 25272-25329 | 57 | 1100 |
| 42 | 21-06-2021 | 25371-25423 | 52 | 1100 |
| 43 | 22-06-2021 | 25435-25490 | 55 | 1100 |
| 44 | 24-06-2021 | 25512-25564 | 52 | 1100 |
| 45 | 25-06-2021 | 25594-25650 | 56 | 1100 |
| 46 | 26-06-2021 | 25662-25720 | 58 | 1100 |

| | | | | |
|---|---|---|---|---|
| 47 | 28-06-2021 | 25750-25804 | 54 | 1100 |
| 48 | 30-06-2021 | 25829-25879 | 50 | 1100 |
| | ബിൽ റഫറൻസ് നമ്പർ. 21200652015800325326തീയ്യതി. 17-08-2021,Rs.17,600/- | | | |
| 49 | 03-07-2021 | 25901-25959 | 58 | 1100 |
| 50 | 05-07-2021 | 25973-26032 | 59 | 1100 |
| 51 | 06-07-2021 | 26044-26098 | 54 | 1100 |
| 52 | 08-07-2021 | 26110-26167 | 57 | 1100 |
| 53 | 09-07-2021 | 26181-26228 | 47 | 1100 |
| 54 | 10-07-2021 | 26240-26296 | 56 | 1100 |
| 55 | 12-07-2021 | 26308-26365 | 57 | 1100 |
| 56 | 13-07-2021 | 26377-26426 | 49 | 1100 |
| 57 | 15-07-2021 | 26441-26489 | 48 | 1100 |
| 58 | 16-07-2021 | 26503-26550 | 47 | 1100 |
| 59 | 17-07-2021 | 26564-26613 | 49 | 1100 |
| 60 | 20-07-2021 | 26583-26639 | 56 | 1100 |
| 61 | 22-07-2021 | 26651-26704 | 53 | 1100 |
| 62 | 23-07-2021 | 26718-26774 | 56 | 1100 |
| 63 | 24-07-2021 | 26790-26838 | 48 | 1100 |
| 64 | 29-07-2021 | 26853-26902 | 49 | 1100 |
| | ബിൽ റഫറൻസ് നമ്പർ. 21200652015800484484തീയ്യതി. 27-09-2021,Rs-17,600/- | | | |
| 65 | 02-08-2021 | 26990-27038 | 48 | 1100 |
| 66 | 03-08-2021 | 27060-27117 | 57 | 1100 |
| 67 | 05-08-2021 | 27172-27220 | 48 | 1100 |
| 68 | 06-08-2021 | 27242-27291 | 49 | 1100 |
| 69 | 07-08-2021 | 27316-27368 | 52 | 1100 |
| 70 | 09-08-2021 | 27396-27452 | 56 | 1100 |
| 71 | 10-08-2021 | 27477-27524 | 47 | 1100 |
| 72 | 12-08-2021 | 27553-27602 | 49 | 1100 |
| 73 | 14-08-2021 | 27647-27701 | 54 | 1100 |
| 74 | 16-08-2021 | 27726-27782 | 56 | 1100 |
| 75 | 17-08-2021 | 27804-27862 | 58 | 1100 |
| 76 | 19-08-2021 | 27942-27996 | 54 | 1100 |
| 77 | 20-08-2021 | 28018-28122 | 104 | 1100 |
| 78 | 21-08-2021 | 28144-28199 | 55 | 1100 |
| 79 | 24-08-2021 | 28243-28297 | 54 | 1100 |
| 80 | 26-08-2021 | 28363-28413 | 50 | 1100 |
| | ബിൽ റഫറൻസ് നമ്പർ. 21200652015800553553തീയ്യതി. 25-10-2021,Rs- | | | |

| | | | | |
|---|---|---|---|---|
| | 18,700/- | | | |
| 81 | 02-09-2021 | 28663-28714 | 51 | 1100 |
| 82 | 03-09-2021 | 28736-28785 | 49 | 1100 |
| 83 | 04-09-2021 | 28807-28858 | 51 | 1100 |
| 84 | 11-09-2021 | 28980-29033 | 53 | 1100 |
| 85 | 13-09-2021 | 29096-29144 | 48 | 1100 |
| 86 | 14-09-2021 | 29166-29218 | 52 | 1100 |
| 87 | 16-09-2021 | 29259-29310 | 51 | 1100 |
| 88 | 17-09-2021 | 29332-29389 | 57 | 1100 |
| 89 | 18-09-2021 | 29440-29491 | 51 | 1100 |
| 90 | 20-09-2021 | 29546-29598 | 52 | 1100 |
| 91 | 23-09-2021 | 29642-29700 | 58 | 1100 |
| 92 | 24-09-2021 | 29722-29771 | 49 | 1100 |
| 93 | 25-09-2021 | 29793-29851 | 58 | 1100 |
| 94 | 27-09-2021 | 29887-29939 | 52 | 1100 |
| 95 | 29-09-2021 | 29887-29939 | 52 | 1100 |
| 96 | 30-09-2021 | 29961-30011 | 50 | 1100 |
| 97 | 02-09-2021 | 30066-30119 | 53 | 1100 |
| | ബിൽ റഫറൻസ് നമ്പർ. 21200652015800628485തീയ്യതി. 10-11-2021,Rs-18,700/- | | | |
| 98 | 01-10-2021 | 30154-30211 | 57 | 1100 |
| 99 | 02-10-2021 | 30233-30291 | 58 | 1100 |
| 100 | 04-10-2021 | 30319-30378 | 59 | 1100 |
| 101 | 05-10-2021 | 30390-30439 | 49 | 1100 |
| 102 | 09-10-2021 | 30451-30505 | 54 | 1100 |
| 103 | 11-10-2021 | 30517-30566 | 49 | 1100 |
| 104 | 12-10-2021 | 30588-30636 | 48 | 1100 |
| 105 | 15-10-2021 | 30658-30707 | 49 | 1100 |
| 106 | 18-10-2021 | 30719-30771 | 52 | 1100 |
| 107 | 19-10-2021 | 30793-30841 | 48 | 1100 |
| 108 | 21-10-2021 | 30863-30921 | 58 | 1100 |
| 109 | 22-10-2021 | 30943-30974 | 31 | 1100 |
| 110 | 23-10-2021 | 31016-31067 | 51 | 1100 |
| 111 | 25-10-2021 | 31086-31134 | 48 | 1100 |
| 112 | 28-10-2021 | 31156-31210 | 54 | 1100 |
| 113 | 29-10-2021 | 31232-31283 | 51 | 1100 |
| 114 | 30-10-2021 | 31305-31358 | 53 | 1100 |
| | ബിൽ റഫറൻസ് നമ്പർ. 21200652015800784161തീയ്യതി. 14-12-2021,Rs-18,700/- | | | |

| | | | | |
|---|---|---|---|---|
| 115 | 01-11-2021 | 31380-31433 | 53 | 1100 |
| 116 | 02-11-2021 | 31445-31501 | 56 | 1100 |
| 117 | 04-11-2021 | 31513-31562 | 49 | 1100 |
| 118 | 05-11-2021 | 31584-31641 | 57 | 1100 |
| 119 | 06-11-2021 | 31663-31720 | 57 | 1100 |
| 120 | 08-11-2021 | 31732-31785 | 53 | 1100 |
| 121 | 09-11-2021 | 31805-31854 | 49 | 1100 |
| 122 | 11-11-2021 | 31866-31918 | 52 | 1100 |
| 123 | 13-11-2021 | 31940-31998 | 58 | 1100 |
| 124 | 16-11-2021 | 32010-32062 | 52 | 1100 |
| 125 | 18-11-2021 | 32084-32141 | 57 | 1100 |
| 126 | 20-11-2021 | 32159-32215 | 56 | 1100 |
| 127 | 22-11-2021 | 32237-32295 | 58 | 1100 |
| 128 | 23-11-2021 | 32317-32376 | 59 | 1100 |
| 129 | 24-11-2021 | 32388-32439 | 51 | 1100 |
| 130 | 25-11-2021 | 32461-32517 | 56 | 1100 |
| 131 | 27-11-2021 | 32539-32588 | 49 | 1100 |
| - | ബിൽറഫറൻസ്നമ്പർ. 212006520158009366694തീയ്യതി.13-01-2022=18,700/- | | | |
| 132 | 01-12-2021 | 32646-32698 | 52 | 1100 |
| 133 | 02-12-2021 | 32710-32760 | 50 | 1100 |
| 134 | 04-12-2021 | 32774-32823 | 49 | 1100 |
| 135 | 07-12-2021 | 32836-32886 | 50 | 1100 |
| 136 | 08-12-2021 | 32908-32966 | 58 | 1100 |
| 137 | 09-12-2021 | 32980-33030 | 50 | 1100 |
| 138 | 11-12-2021 | 33044-33102 | 58 | 1100 |
| 139 | 13-12-2021 | 33118-33168 | 50 | 1100 |
| 140 | 14-12-2021 | 33190-33239 | 49 | 1100 |
| 141 | 15-12-2021 | 33260-33314 | 54 | 1100 |
| 142 | 18-12-2021 | 33326-33381 | 55 | 1100 |
| 143 | 20-12-2021 | 33393-33443 | 50 | 1100 |
| 144 | 21-12-2021 | 33456-33513 | 57 | 1100 |
| 145 | 22-12-2021 | 33535-33592 | 57 | 1100 |
| 146 | 23-12-2021 | 33611-33668 | 57 | 1100 |
| 147 | 27-12-2021 | 33690-33739 | 49 | 1100 |
| 148 | 28-12-2021 | 33754-33806 | 52 | 1100 |
| | ബിൽറഫറൻസ്നമ്പർ. 212006520158010869O8തീയ്യതി.09-02-2022=18700/- | | | |
| 149 | 01-01-2022 | 33896-33946 | 50 | 1100 |

| | | | | |
|---|---|---|---|---|
| 150 | 04-01-2022 | 33980-34037 | 57 | 1100 |
| 151 | 05-01-2022 | 34059-34108 | 49 | 1100 |
| 152 | 08-01-2022 | 34130-34179 | 49 | 1100 |
| 153 | 10-01-2022 | 34201-34255 | 54 | 1100 |
| 154 | 11-01-2022 | 34288-34341 | 53 | 1100 |
| 155 | 12-01-2022 | 34374-34432 | 58 | 1100 |
| 156 | 13-01-2022 | 34454-34512 | 58 | 1100 |
| 157 | 15-01-2022 | 34536-34592 | 56 | 1100 |
| 158 | 17-01-2022 | 34647-34699 | 52 | 1100 |
| 159 | 18-01-2022 | 34721-34775 | 54 | 1100 |
| 160 | 19-01-2022 | 34797-34853 | 56 | 1100 |
| 161 | 20-01-2022 | 34878-34935 | 57 | 1100 |
| 162 | 22-01-2022 | 34957-35015 | 58 | 1100 |
| 163 | 24-01-2022 | 35039-35099 | 60 | 1100 |
| 164 | 25-01-2022 | 35143-35200 | 57 | 1100 |
| 165 | 27-01-2022 | 35233-35287 | 54 | 1100 |
| | ബിൽ റഫറൻസ് നമ്പർ. 21200652015801280443തീയ്യതി.09-03-2022=17,600/- | | | |
| 166 | 01-02-2022 | 35507-35556 | 49 | 1100 |
| 167 | 02-02-2022 | 35578-35632 | 54 | 1100 |
| 168 | 03-02-2022 | 35667-35724 | 57 | 1100 |
| 169 | 07-02-2022 | 35779-35830 | 51 | 1100 |
| 170 | 08-02-2022 | 35896-35945 | 49 | 1100 |
| 171 | 09-02-2022 | 36011-36070 | 59 | 1100 |
| 172 | 10-02-2022 | 36112-36164 | 52 | 1100 |
| 173 | 12-02-2022 | 36238-36287 | 49 | 1100 |
| 174 | 14-02-2022 | 36353-36404 | 51 | 1100 |
| 175 | 15-02-2022 | 36448-36502 | 54 | 1100 |
| 176 | 16-02-2022 | 36535-36593 | 58 | 1100 |
| 177 | 17-02-2022 | 36615-36672 | 57 | 1100 |
| 178 | 19-02-2022 | 36717-36768 | 51 | 1100 |
| 179 | 21-02-2022 | 36820-36878 | 58 | 1100 |
| 180 | 23-02-2022 | 36930-36987 | 57 | 1100 |
| 181 | 24-02-2022 | 37042-37095 | 53 | 1100 |
| | ബിൽ റഫറൻസ് നമ്പർ. 21200652015801387601തീയ്യതി.19-03-2022=17600 | | | |
| 182 | 02-03-2022 | 37205-37260 | 55 | 1100 |
| 183 | 03-03-2022 | 37312-37361 | 49 | 1100 |
| 184 | 07-03-2022 | 37416-37465 | 49 | 1100 |

| | | | | |
|---|---|---|---|---|
| 185 | 08-03-2022 | 37550-37602 | 52 | 1100 |
| 186 | 10-03-2022 | 37690-37744 | 54 | 1100 |
| 187 | 12-03-2022 | 37812-37870 | 58 | 1100 |
| 188 | 15-03-2022 | 37958-38007 | 49 | 1100 |
| 189 | 16-03-2022 | 38062-38113 | 51 | 1100 |
| 190 | 17-03-2022 | 38168-38224 | 56 | 1100 |
| 191 | 19-03-2022 | 38279-38331 | 52 | 1100 |
| 192 | 21-03-2022 | 38414-38468 | 54 | 1100 |
| 193 | 22-03-2022 | 38490-38545 | 55 | 1100 |
| 194 | 23-03-2022 | 38596-38646 | 50 | 1100 |
| 195 | 24-03-2022 | 38701-38760 | 59 | 1100 |
| 196 | 25-03-2022 | 38815-38873 | 58 | 1100 |
| 197 | 26-03-2022 | 38928-38981 | 53 | 1100 |

സാന്ത്വന പരിചരണ പരിപാടി ഹോം കെയർ സന്ദർശനം പ്രവർത്തനങ്ങൾക്ക് വേണ്ടി വാഹനം വാടകയ്ക്ക് എടുക്കുന്നതിന് നടപടി സ്വീകരിച്ചതുമായി ബന്ധപ്പെട്ട പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനം, അംഗീകാരം, ടാബുലേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ സംബന്ധിച്ച രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 22 തീയ്യതി 19.12.2022 പ്രകാരം മേൽ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. ആയതിനാൽ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 2,16,700/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ചെയ്യാത്ത ഇനം പ്രവൃത്തിക്ക് അളവ് രേഖപ്പെടുത്തി തുക നൽകി-7526/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

ചെയ്യാത്ത ഇനം പ്രവൃത്തിക്ക് അളവ് രേഖപ്പെടുത്തി തുക നൽകി

ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ വിവരങ്ങൾ പൊതുജനങ്ങളുടെ അറിവിലേക്ക് എത്തിക്കുന്നതിനായി പ്രവൃത്തി സംബന്ധിച്ച വിശദാംശങ്ങൾ പ്രസ്തുത പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണമെന്ന് 1997 ലെ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങളിലെ ചട്ടം 17 ൽ നിഷ്കർഷിച്ചുണ്ട്. ആയത് പ്രകാരം ചില പ്രവൃത്തികളിൽ ഒബ്സർവ്ഡ് ഡാറ്റയായി Providing Name Board എന്ന ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങി എം ബുക്ക് പ്രകാരം നിർവഹണം നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

13.12.2022 തിയ്യതി LID&EW അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ HAUPS ചിപ്പാർ സ്കൂളിന് ടോയ്ലറ്റ് നിർമ്മാണം (പ്രൊജക്ട് നം 165/22) എന്ന പ്രവൃത്തിയുടെ ഭൗതിക പരിശോധനയിൽ Name Board സ്ഥാപിച്ചിട്ടില്ല എന്ന് കാണുകയുണ്ടായി. എന്നാൽ ടി പ്രവൃത്തിയുടെ എം ബുക്കിലെ ( നം 83/20-21)

പേജ് നം. 24 ൽ എസ്റ്റിമേറ്റ് പ്രകാരമുള്ള 22 ാം ഇനമായി (Providing Name Board As Per The Direction Of Engineer In Charge) അളവ് രേഖപ്പെടുത്തുകയും കരാറുകാരന് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക (3359.75+ 12% ജി.എസ്.ടി) അനുവദിക്കുകയും ചെയ്തതായി കാണുന്നു. 16.12.2022 തിയ്യതി നടത്തിയ ഭൗതിക പരിശോധനയിൽ Name Board സ്ഥാപിച്ചതായി രേഖപ്പെടുത്തി കരാറുകാരന് തുക അനുവദിച്ച SSALPS കനിയാല സ്കൂളിന് ടോയ്‌ലറ്റ് നിർമ്മാണം (പ്രൊ നം. 169/22) എന്ന പ്രവൃത്തിയിലും ഇപ്രകാരം Name Board സ്ഥാപിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. 13.12.2022, 16.12.2022 തീയ്യതികളിലായി നടത്തിയ ഭൗതിക പരിശോധനയുടെ റിപ്പോർട്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

I) Name Board സ്ഥാപിച്ചതായി രേഖപ്പെടുത്തി കരാറുകാരന് തുക അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നം, പേര് | കരാറുകാരൻ, ക്വാട്ട് ചെയ്ത നിരക്ക് | എസ്റ്റിമേറ്റ് നം. | ഐറ്റം നം. | എം ബുക്ക് നം, പേജ് | Name Board സ്ഥാപിച്ചതിന് അനുവദിച്ച തുക | ബിൽ നം./തീയ്യതി, തുക |
|---|---|---|---|---|---|---|
| 165/22-HAUPS ചിപ്പാർ സ്കൂളിന് ടോയ്‌ലറ്റ് നിർമ്മാണം | അഞ്ചുഞ്ഞി ഹാജി ബി, എസ്റ്റിമേറ്റ് നിരക്ക് | 2020/120189 | 22 | 83/20-21, പേജ് 24 | 3359.75+12% GST | 2120065201710081224З/ 20.12.2021 തുക-294151/- |
| 169/22-SSALPS കനിയാല സ്കൂളിന് ടോയ്‌ലറ്റ് നിർമ്മാണം | കെ എം മുനീർ, എസ്റ്റിമേറ്റ് നിരക്ക് | 2020/120176 | 22 | 13/20-21 പേജ് 36 | 3359.75+12% GST | 21200652017100583949/ 29.10.2021 തുക-290774/- |
| ആകെ | | | | | 6719.50+12% GST=7526/- | |

പ്രവൃത്തികളുടെ വിശദാംശങ്ങൾ പൊതു ജനങ്ങളുടെ അറിവിലേക്ക് എത്തണമെന്ന സദുദ്ദേശത്തോട് കൂടി സ്ഥാപിക്കുന്ന ഇത്തരം Name Board കൾ സ്ഥാപിക്കുന്ന കാര്യം എസ്റ്റിമേറ്റിൽ മാത്രമായി ഒതുങ്ങി എന്ന് മാത്രമല്ല ആയത് സ്ഥാപിച്ചതായി എം ബുക്കിൽ രേഖപ്പെടുത്തുകയും കരാറുകാരന് തുക അനുവദിക്കുകയും ചെയ്തത് നിർവ്വഹണോദ്യോഗസ്ഥന്റെ വീഴ്ചയാണ്.

സ.ഉ.(പി) നം. 13/2012/പൊ.മ.വ. തീയതി 01.02.2012 പ്രകാരമുള്ള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2211.3 പ്രകാരം വ്യാജമോ തെറ്റായതോ ആയ അളവെടുപ്പ് പൊതുപണം ദുരുപയോഗം ചെയ്യലാണ്. മേൽ കാരണങ്ങളാൽ ടി പ്രവൃത്തികളിൽ Name Board സ്ഥാപിച്ചതായി രേഖപ്പെടുത്തി കരാറുകാരന് അനുവദിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

മേൽ അപാകതയ്ക്ക് ഓഡിറ്റ് എൻക്വയറി നം. 09/17.12.2022 മുഖേന വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പ്രവൃത്തികളിൽ പ്രസ്തുത ഇനത്തിനായി ചെലവഴിച്ച 7526/- രൂപ അളവുകൾ രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയറുടേയും ആയത് ചെക്ക് മെഷർ ചെയ്ത അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടേയും ബാധ്യതയായി നിജപ്പെടുത്തുന്നു.

3-2 ടെണ്ടർ കിഴിവ് നടത്താതെ കരാറുകാരന് തുക അനുവദിച്ച -15084/-രൂപയുടെ അധിക ചെലവ്.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

2021-22 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം ഗാംഗുവട്ടുക്ക റോഡ് സൈഡ് പ്രൊട്ടക്ഷൻ (പ്രൊജക്ട് നം. 120/22) എന്ന പ്രവൃത്തിയുടെ ഫസ്റ്റ് & ഫൈനൽ ബിൽ പ്രകാരം കരാറുകാരന് തുക അനുവദിച്ചപ്പോൾ ടെണ്ടർ കിഴിവ് നടത്താത്തതിനാൽ 15084/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

<table>
<tr><td>പ്രൊജക്ട് നം, പേര്</td><td colspan="3">പ്രൊജക്ട് നം. 120/22 , ഗാംഗുവട്ടുക്ക റോഡ് സൈഡ് പ്രൊട്ടക്ഷൻ</td></tr>
<tr><td>അടങ്കൽ</td><td colspan="3">₹ 1,50,000/- ( ധനകാര്യ കമ്മീഷൻ അവാർഡ് )</td></tr>
<tr><td>ചെലവ്</td><td colspan="3">₹ 1,49,350/-</td></tr>
<tr><td>എം. ബുക്ക് നം.</td><td colspan="3">02/21-22</td></tr>
<tr><td>കരാറുകരാൻ</td><td colspan="3">ശ്രീ. അഞ്ഞുഞ്ഞി ഹാജി</td></tr>
<tr><td>ക്വോട്ട് ചെയ്ത നിരക്ക്</td><td colspan="3">എസ്റ്റിമേറ്റ് നിരക്കിലും 10.10% കുറവ്.</td></tr>
<tr><td>എഗ്രിമെന്റ് നമ്പർ</td><td colspan="3">നം.27/AE/LSGD/PVK/19-20 തീയതി: 09.12.2019</td></tr>
<tr><td rowspan="2">കരാറുകാരന് നൽകിയ തുകയുടെ വിവരം</td><td>വൗച്ചർനം, തീയതി.</td><td>ബിൽ തുക</td><td>കരാറുകാരന് നൽകിയ തുക</td></tr>
<tr><td>BRN 21200652017100795458 തീ:16.12.2022</td><td>₹1,49,350/-</td><td>₹ 1,44,018/-</td></tr>
</table>

ടി പ്രവൃത്തിക്കായി ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ. അഞ്ഞുഞ്ഞി ഹാജി (എസ്റ്റിമേറ്റ് നിരക്കിനെക്കാളും 10.10% കുറവ്) എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിക്കുകയും പ്രവൃത്തി ഏറ്റെടുത്തു നടത്തുന്നതിനായി കരാറുകാരനെ ചുമതലപ്പെടുത്തുകയും ചെയ്തു. ഈ പ്രവൃത്തി ചെയ്തതിന് ഫസ്റ്റ് & ഫൈനൽ ബിൽ പ്രകാരം കരാറുകാരന് താഴെ പറയും പ്രകാരം 1,44,018/- രൂപ നൽകിയിട്ടുണ്ട്.

| | |
|---|---|
| ആകെ അളവ് മൂല്യം (അളവ് പുസ്തകം പേജ് നം 21 പ്രകാരം) | ₹1,33,348/- |
| (+) 12% GST | ₹ 16,002/- |
| ആകെ | ₹1,49,350/- |
| (-) ആദായ നികുതി 1% | ₹ 1,333/- |
| (-) KCWWF 1% | ₹ 1,333/- |
| (-) Penalties And Fines2% | ₹ 2,666/- |
| കരാറുകാരന് നൽകിയ തുക | ₹1,44,018/- |

പ്രവൃത്തി ചെയ്തതിന് കരാറുകാരന് തുക അനുവദിച്ചപ്പോൾ 10.10% ടെണ്ടർ കിഴിവ് നടത്താതെയാണ് തുക അനുവദിച്ചിരിക്കുന്നത്. ഈ പ്രവൃത്തി ചെയ്തതിന് ട്രഷറിയിൽ നിന്നും യഥാർത്ഥത്തിൽ പിൻവലിക്കേണ്ട തുക ചുവടെ പറയും പ്രകാരമാണ്.

| | |
|---|---|
| ആകെ അളവ് മൂല്യം | ₹1,33,348/- |
| (-) 10.10% ടെണ്ടർ കിഴിവ് | ₹ 13,468/- |
| ആകെ | ₹ 1,19,880/- |
| (+) 12% GST | ₹ 14,386/- |

| | |
|---|---|
| ആകെ | ₹ 1,34,266/- |
| ട്രഷറിയിൽ നിന്നും പിൻവലിക്കേണ്ട തുക | ₹ 1,34,266/- |
| ട്രഷറിയിൽ നിന്നും പിൻവലിച്ച തുക | ₹ 1,49,350/- |
| അധികം ചെലവഴിച്ച തുക | ₹ 15,084/- |

ഇപ്രകാരം പ്രവൃത്തിക്കായി 15,084/- രൂപ അധികം ചെലവഴിച്ചത് ഓഡിറ്റ് എൻക്വയറി നം.8 തീ: 16.12.2022 പ്രകാരം നിർവ്വഹണോദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പ്രവൃത്തിയിൽ അധികമായി ചെലവഴിച്ച 15,084/- രൂപ അളവുകൾ രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയറുടേയും ആയത് ചെക്ക് മെഷർ ചെയ്ത അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടേയും ബാധ്യതയായി നിജപ്പെടുത്തുന്നു.

3-3 ലംപ്സം പ്രോവിഷൻ ഇട്ട് ഇൻവോയ്സുകൾ പ്രകാരം മൂല്യം രേഖപ്പെടുത്തിയ ഇനങ്ങൾക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചതിനാൽ 7212/- രൂപയുടെ അധികച്ചെലവ്.

സർക്കാർ സർക്കുലർ നം. 18/2019/ഫിൻ, തിയതി 01/03/2019 അനുസരിച്ച് പി.ഡബ്ല്യു.ഡി ചീഫ് എഞ്ചിനീയറുടെ 06.032019 ലെ സർക്കുലർ നമ്പർ CE/Admin/PLA/EMP/1014/(A)/05 പ്രകാരം 15.03.2019 മുതൽ കാസറഗോഡ് ജില്ലയിൽ പ്രാബല്യത്തിൽ വന്ന കോസ്റ്റ് ഇന്റക്സ് ആയ 32.04% അടിസ്ഥാനമാക്കി തയ്യാറാക്കിയ എസ്റ്റിമേറ്റുകൾക്കു ജി.എസ്.ടി കോമ്പൻസേഷൻ വകയിരുത്താനും കരാറുകാർക്ക് നൽകാനും വ്യവസ്ഥചെയ്യുന്നുണ്ട്. എന്നാൽ എസ്റ്റിമേറ്റിൽ ലംപ്സം പ്രോവിഷൻ ഇട്ട് ഇൻവോയ്സുകൾ പ്രകാരം മൂല്യം രേഖപ്പെടുത്തുന്ന സാധന സാമഗ്രികൾക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദനീയമല്ല. എന്നാൽ ചുവടെ പരാമർശിക്കുന്ന പ്രവൃത്തികളിൽ സ്ഥാപനം നൽകിയ 18% ജി.എസ്.ടി. തുക ഉൾപ്പെടെയുള്ള ഇൻവോയ്സ് തുകയ്ക്ക് 12% ജി.എസ്.ടി. കോമ്പൻസേഷൻ കൂടി അനുവദിച്ചതിനാൽ 7212/- രൂപയുടെ അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശം ഇനി പറയുന്നു.

1) മുളിഗദ്ദെ അംഗൻവാടി കെട്ടിട നവീകരണം (പ്രൊ. നം. 149/22)

| | | | |
|---|---|---|---|
| അടങ്കൽ | ₹ 200000/- രൂപ (മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്) | | |
| ചെലവ് | ₹ 145156/- രൂപ | | |
| എം. ബുക്ക് നം. | 129/21-22, 74/21-22 | | |
| കരാറുകാരൻ | സന്തോഷ് കുമാർ | | |
| ക്വാട്ട് ചെയ്ത നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് | | |
| കരാറുകാരന് നൽകിയ തുകയുടെ വിവരം | ബിൽ നം, തീയതി. | ബിൽ തുക | കരാറുകാരന് നൽകിയ തുക |
| | 21200652017101509403, 23.03.2022 | ₹145156/- | ₹141268/- |

DSR 2016 (Cost Index 32.04%) അടിസ്ഥാനമാക്കി തയ്യാറാക്കിയ മുളിഗദ്ദെ അംഗൻവാടി കെട്ടിട നവീകരണം എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ (EST NO: 2021/98738) കെട്ടിട നവീകരണത്തിനായി 142377/-രൂപയും, മോട്ടോറും ഇലക്ട്രിഫിക്കേഷനുമായി Lump Sum Provision രേഖപ്പെടുത്തി 36000/- രൂപയും 12% ജി.എസ്.ടി തുകയും ഉൾപ്പെടെ ആകെ 200000/-രൂപയാണ് വകയിരുത്തിയത്.

പ്രവൃത്തി ചെയ്തതിന് കരാറുകാരന് ചുവടെ വിവരിക്കും പ്രകാരം 141268/- രൂപ നൽകിയിട്ടുണ്ട്.

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | ₹129604/- |

| | |
|---|---|
| (+) 12% GST | ₹ 15552/- |
| ആകെ | ₹145156/- |
| (-) ആദായ നികുതി @ 1% | ₹ 1296/- |
| (-) നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം @ 1% | ₹ 1296/- |
| (-) പിഴ @ 1% | ₹ 1296/- |
| കരാറുകാരന് നല്കിയ തുക | ₹ 141268/- |

പ്രവൃത്തിയിലെ അപ്പന്റിക്സ് നമ്പർ രണ്ട് ആയ ബോർവെൽ പമ്പ് സെറ്റും അനുബന്ധ സാമഗ്രികളും സ്ഥാപിക്കുന്നതിന് എം ബുക്കിലെ(129/21-22) പേജ് നം. 18 ൽ 30903/- രൂപയുടെ അളവ് മൂല്യം രേഖപ്പെടുത്തിയത് Kannur Hardwares, Kannur Shopping Complex, Perla Road, Seethangoli എന്ന സ്ഥാപനത്തിൽ നിന്നും Invoice No. A 1089/25.03.2022 തുക 30903/-പ്രകാരം വാങ്ങിയ സാധനങ്ങളുടെ വിലയാണ്. സ്ഥാപനം നൽകിയ ഇൻവോയ്സിൽ 18% ജി.എസ്.ടി. തുക കൂടി ഉൾപ്പെടുന്നതിനാൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ 30903/- രൂപയുടെ 12% ജി.എസ്.ടി കോമ്പൻസേഷൻ വീണ്ടും നൽകേണ്ടതില്ല. എന്നാൽ ഈ പ്രവൃത്തിയിൽ കരാറുകാരന് തുക അനുവദിച്ചപ്പോൾ പമ്പ് സെറ്റും അനുബന്ധ സാമഗ്രികളും വാങ്ങിയ ഇൻവോയ്സ് പ്രകാരമുള്ള 30903/- രൂപയുടെ 12% ജി.എസ്.ടി കോമ്പൻസേഷനും കണക്കാക്കിയിട്ടുണ്ട്. ഇതുമൂലം 3708/- (30903 X12%) രൂപയുടെ അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്.

2) <u>പെരുവൊടി അംഗൻവാടി നവീകരണം (പ്രൊ. നം. 99/22)</u>

| | | | |
|---|---|---|---|
| അടങ്കൽ | ₹ 150000/- രൂപ (മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്) | | |
| ചെലവ് | ₹ 127187/- രൂപ | | |
| എം. ബുക്ക് നം. | 147/21-22 | | |
| കരാറുകാരൻ | എസ് മുഹമ്മദ് | | |
| ക്വാട്ട് ചെയ്ത നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് | | |
| കരാറുകാരന് നൽകിയ തുകയുടെ വിവരം | ബിൽ നം, തീയതി. | ബിൽ തുക | കരാറുകാരന് നൽകിയ തുക |
| | 21200652017101507061, 29.03.2022 | ₹127187/- | ₹124915/- |

DSR 2016 (Cost Index 32.04%) അടിസ്ഥാനമാക്കി തയ്യാറാക്കിയ പെരുവൊടി അംഗൻവാടി നവീകരണം എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ (EST NO: 2021/95532) കെട്ടിട നവീകരണത്തിനായി 93633/-രൂപയും, മോട്ടോറും ഇലക്ട്രിഫിക്കേഷനുമായി Lump Sum Provision രേഖപ്പെടുത്തി 40000/- രൂപയും 12% ജി.എസ്.ടി തുകയും ഉൾപ്പെടെ ആകെ 150000/-രൂപയാണ് വകയിരുത്തിയത്.

പ്രവൃത്തി ചെയ്തതിന് കരാറുകാരന് ചുവടെ വിവരിക്കും പ്രകാരം 124915/- രൂപ നൽകിയിട്ടുണ്ട്.

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | ₹113560/- |
| (+) 12% GST | ₹ 13627/- |
| ആകെ | ₹ 127187/- |
| (-) ആദായ നികുതി @ 1% | ₹ 1136/- |

| | |
|---|---|
| (-) നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം @ 1% | ₹ 1136/- |
| കരാറുകാരന് നല്കിയ തുക | ₹ 124915/- |

പ്രവൃത്തിയിലെ അപ്പന്റിക്സ് നമ്പർ രണ്ട് ആയ ബോർവെൽ പമ്പ് സെറ്റും അനുബന്ധ സാമഗ്രികളും സ്ഥാപിക്കുന്നതിന് എം ബുക്കിലെ(147/21-22) പേജ് നം. 16 ൽ 29200/- രൂപയുടെ അളവ് മൂല്യം രേഖപ്പെടുത്തിയത് Kannur Hardwares, Kannur Shopping Complex, Perla Road, Seethangoli എന്ന സ്ഥാപനത്തിൽ നിന്നും Invoice No. A 1090/25.03.2022 തുക 29200/-പ്രകാരം വാങ്ങിയ സാധനങ്ങളുടെ വിലയാണ്. സ്ഥാപനം നൽകിയ ഇൻവോയ്സിൽ 18% ജി.എസ്.ടി. തുക കൂടി ഉൾപ്പെടുന്നതിനാൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ 29200/- രൂപയുടെ 12% ജി.എസ്.ടി കോമ്പൻസേഷൻ വീണ്ടും നൽകേണ്ടതില്ല. എന്നാൽ ഈ പ്രവൃത്തിയിൽ കരാറുകാരന് തുക അനുവദിച്ചപ്പോൾ പമ്പ് സെറ്റും അനുബന്ധ സാമഗ്രികളും വാങ്ങിയ ഇൻവോയ്സ് പ്രകാരമുള്ള 29200/- രൂപയുടെ 12% ജി.എസ്.ടി കോമ്പൻസേഷനും കണക്കാക്കിയിട്ടുണ്ട്. ഇതുമൂലം 3504/- (29200 X12%) രൂപയുടെ അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്.

മേൽ പ്രവൃത്തികളിലായി ഇപ്രകാരം ആകെ 7212/- രൂപ (3708+3504) അധികം ചെലവഴിച്ചതിന് വിശദീകരണം നല്കുവാൻ നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റ് എൻക്വയറി നം. 07 തിയ്യതി 17.12.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം ചെലവഴിച്ച 7212/- രൂപ അളവുകൾ രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയറുടേയും ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടേയും ബാദ്ധ്യതയായി നിജപ്പെടുത്തുന്നു.

3-4 മുളിഗദ്ദെ ടൂറിസ്റ്റ് ബംഗ്ലാവ് റെനോവേഷൻ-15527/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനീയർ

| | | | |
|---|---|---|---|
| അടങ്കൽ | ₹ 5,00,000/- രൂപ (തനതുഫണ്ട്) | | |
| ചെലവ് | ₹ 4,28,357/- രൂപ | | |
| എം. ബുക്ക് നം. | 70/21-22, 128/21-22 | | |
| കരാറുകാരൻ | സന്തോഷ് കുമാർ | | |
| ക്വാട്ട് ചെയ്ത നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് | | |
| കരാറുകാരന് നൽകിയ തുകയുടെ വിവരം | വൗച്ചർ നം/ തീയതി | ബിൽ തുക | കരാറുകാരന് നൽകിയ തുക |
| | 22100928/ 30.03.2022 | ₹428357/- | ₹413057/- |

DSR 2018 (Cost Index 33.05%) അടിസ്ഥാനമാക്കി തയ്യാറാക്കിയ മുളിഗദ്ദെ ടൂറിസ്റ്റ് ബംഗ്ലാവ് റെനോവേഷൻ എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ (EST NO: 2021/68276) മുളിഗദ്ദെ ടൂറിസ്റ്റ് ബംഗ്ലാവ് നവീകരണത്തിനായി ആകെ 500000/-രൂപയാണ് വകയിരുത്തിയത്.

പ്രവൃത്തി ചെയ്തതിന് കരാറുകാരന് ചുവടെ വിവരിക്കും പ്രകാരം 413057/- രൂപ നൽകിയിട്ടുണ്ട്.

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | ₹382462/- |
| (+) 12% GST | ₹ 45895/- |
| ആകെ | ₹428357/- |
| (-) ആദായ നികുതി @ 1% | ₹ 3825/- |

| | |
|---|---|
| (-) നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം @ 1% | ₹ 3825/- |
| (-) ജി.എസ്.ടി @ 2% | ₹ 7650/- |
| കരാറുകാരന് നല്കിയ തുക | ₹ 413057/- |

മേൽ പ്രവൃത്തിയിലെ ഐറ്റം നമ്പർ 13 ആയ50.9.2.1- Providing And Fixing Paneled And Glazed Shutters For Doors, Windows And Clerestory Windows, 35mm Thick Shutters Including ISI Marked MS Pressed Butt Hinges Bright Finished Of Required Size With Necessary Screws, Excluding Panelling Which Will Be Paid For Seperately, All Complete As Per Direction Of Engineer In Charge. Using Anjili/jackwood എന്ന പ്രവൃത്തി 13.40 M2ചെയ്യുന്നതിന് 3266.43/m2 നിരക്കിൽ ആകെ 43777.16 രൂപയാണ് എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുള്ളത്.

മേൽ പ്രവൃത്തി ചുവടെ പറയും പ്രകാരം നിർവ്വഹിച്ചതായി എം ബുക്ക് നം. 70/21-22 പേജ് നം. 13 ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

| Item | No. | Length | Breadth | Depth | Quantity |
|---|---|---|---|---|---|
| Providing And Fixing Paneled And Glazed Shutters For Doors, Windows Etc... | | | | | |
| Window | 2x2 | 0.445 | 1.37 | - | 2.4386 M2 |
| Door | 1 | 0.95 | - | 1.90 | 1.805 M2 |
| | 1 | 0.65 | - | 1.67 | 1.086 M2 |
| | 2 | 0.90 | - | 1.85 | 3.33 M2 |
| | 1 | 0.90 | - | 1.95 | 1.755 M2 |
| Total | | | | | 10.414m2 |

ടി അളവുകൾ ക്യാരി ഓവർ ചെയ്ത് എം ബുക്ക് നം. 128/21-22 പേജ് നം. 1 പ്രകാരം 10.414 M2 പ്രവൃത്തി ചെയ്തതിന് 3266.43/m2 നിരക്കിൽ ആകെ 34016.60 രൂപയും 12% GST യും ഫസ്റ്റ് & ഫൈനൽ ബിൽ പ്രകാരം കരാറുകാരന നൽകിയിട്ടുണ്ട്.

എന്നാൽ 16.12.2022തീയ്യതി LID&EW അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ഭൗതിക പരിശോധനയിൽ ചുവടെ പറയും പ്രകാരമുള്ള പ്രവൃത്തികൾ/ഇനങ്ങൾ നിർവ്വഹിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഭൗതിക പരിശോധനയുടെ റിപ്പോർട്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

| Item | No. | Length | Breadth | Depth | Quantity |
|---|---|---|---|---|---|
| Providing And Fixing Paneled And Glazed Shutters For Doors, Windows Etc... | | | | | |
| Window | 2x2 | 0.445 | 1.37 | | 2.4386 M2 |
| Door | 1 | 0.90 | | 1.95 | 1.755 M2 |
| Total | | | | | 4.244m2 |

4.244 M2 പ്രവൃത്തിക്കായി ആകെ ചെലവഴിച്ചത് ഇനി പറയും പ്രകാരം 15,527/-രൂപയാണ്. 4.244 X 3266.43=13863/-രൂപ. 12% GST കൂടെ ഉൾപ്പെടുത്തിയാൽ 13863x1.12=15527/- രൂപ ഇപ്രകാരം ചെയ്യാത്ത ഇനം പ്രവൃത്തിക്ക് അളവ് രേഖപ്പെടുത്തി കരാറുകാരന് നൽകിയിട്ടുണ്ട്.

സ.ഉ.(പി) നം. 13/2012/പൊ.മ.വ. തീയതി 01.02.2012 പ്രകാരമുള്ള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2211.3 പ്രകാരം വ്യാജമോ തെറ്റായതോ ആയ അളവെടുപ്പ് പൊതുപണം ദുരുപയോഗം ചെയ്യലാണ്. ആയതിനാൽ ഇപ്രകാരം ചെയ്യാത്ത ഇനം പ്രവൃത്തിക്ക് അളവ് രേഖപ്പെടുത്തി കരാറുകാരന് അനുവദിച്ച 15,527/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

മേൽ അപാകതയ്ക്ക് ഓഡിറ്റ് എൻക്വയറി നം. 10/17.12.2022 മുഖേന വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പ്രവൃത്തികളിൽ പ്രസ്തുത ഇനത്തിനായി ചെലവഴിച്ച 15,527/- രൂപ അളവുകൾ രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയറുടേയും ആയത് ചെക്ക് മെഷർ ചെയ്ത അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടേയും ബാധ്യതയായി നിജപ്പെടുത്തുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 15/12/2022 & 16/12/2022 | അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട് |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 5,95,000 | P No 1 – നെൽ കൃഷിക്ക് കൂലിച്ചിലവ് | 7,70,000 | 0 |
| | 2021-22 | 70,000 | P No 11– പച്ചക്കറികൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 70,000 | 0 |
| | 2021-22 | 3,00,000 | P No 38 - ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്ക് സ്കോളർഷിപ്പും ബത്തയും | 2,16,825 | 83,175 |
| | 2021-22 | 60,000 | P No 239 - ലൈഫ് ഭവന പദ്ധതി പട്ടികജാതി | 60,000 | 0 |
| | 2021-22 | 10,00,000 | P No 32 - ലൈഫ് ഭവന പദ്ധതി പട്ടികവർഗ്ഗം | 8,00,000 | 2,00,000 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 3,00,000 | P No 38 - ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്ക് സ്കോളർഷിപ്പും ബത്തയും | 1,50,822 | 1,49,178 |
| | 2021-22 | 5,00,000 | P No 199 - ബൈത്താടി വി സി ബി റിപ്പയർ | 2,44,237 | 2,55,763 |
| | 2021-22 | 1,00,000 | P No 238 - ലൈഫ് ഭവന പദ്ധതി ജനറൽ | 1,00,000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2021-22 | 6,00,000 | P No 239 - ലൈഫ് ഭവന പദ്ധതി പട്ടികജാതി | 6,00,000 | 0 |
| | 2021-22 | 10,00,000 | P No 81 - ലൈഫ് ഭവന പദ്ധതി പട്ടികവർഗ്ഗം | 6,50,000 | 3,50,000 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം /ബിൽ നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | പ്രോ നം 58 -പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ ലെയിൻ (തെരുവു വിളക്കുകൾക്കായുള്ള പ്രത്യേക ലെയിൻ) സ്ഥാപിക്കൽ | Vr No 22100867 Dated 17.03.2022 | 3,97,202 | 1,97,202 | 2,00,000 |
| ഭൂജല വകുപ്പ് | പ്രോ നം 234 -വിവിധ സ്ഥലങ്ങളിൽ ബോർവെൽ നിർമ്മാണം | Bill Nos 21200652002901193276 And 21200652002901193283 Dated 24/02/2022 | 6,13,108 | 0 | 0 |
| കേരള വാട്ടർ അതോറിറ്റി | പ്രോ നം 278 -കുണ്ടച്ചക്കട്ടെ ശാന്തിയോട് പ്രദേശത്തേക്ക് കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | Vr No 22100937 Dated 31.03.2022 | 4,00,000 | 0 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-5 വായ്പ / വായ്പാ തിരിച്ചടവ്

വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹ 47,05,153 വരവുണ്ട്. പ്രസ്തുത തുക, ലൈഫ് ഭവന പദ്ധതിയ്ക്കായി വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം ,വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന | തൻവർഷം തിരിച്ചടച്ച തുക | വർഷാവ സാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| | | | തുക | മുതൽ | പലിശ | ബാക്കിയുള്ള തുക (മുതൽ) |
|---|---|---|---|---|---|---|
| K U R D F C LIFE Mission Housing Scheme | G O (MS) No 68/2018/LSGD Dated 18.05.2018 | 2,34,45,778 (1,87,40,625+ 47,05,153 Amount Of Loan This Year) | 2,05,25,682 (1,58,20,529+ 47,05,153 Amount Of Loan This Year) | 49,69,057 | N A | 1,55,56,625 |

ലോൺ രജിസ്ററർ പ്രകാരം ,

Opening Balance : ₹ 1,41,95,472 Receipts : ₹ 47,05,153 Total : ₹ 1,89,00,625

Closing Balance : ₹ 1,55,56,625

ലോൺരജിസ്ററർ പ്രകാരം,വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുകയിൽ (OB) 16,25,057 (1,58,20,529-1,41,95,472 ) രൂപയുടെ വ്യത്യാസമുണ്ട്.

## 4-6 സ്ഥിര നിക്ഷേപ വിവരം

സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹ 31,931 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ, തിയ്യതി |
|---|---|---|---|---|
| 2018-19 | 3.1, Sl No 10 | 2,900 | The Assistant Engineer L S G D Section Paivalike | 1210100574 Dated 01.07.2021 |
| 2004-05 | 3.2 | 18,330 | Shri.M V Krishnaswamy Retired Agricultural Officer | 1210101022 Dated 04.08.2021 |
| 2004-05 | 3.2 | 6,201 | Shri.M V Krishnaswamy Retired Agricultural Officer | 1210101023 Dated 04.08.2021 |
| 2018-19 | 3.1, Sl No 6 & 13 | 4,500 | Shri.Hameed, Contractor | 1210102125 Dated 06.11.2021 |
| ആകെ | | 31,931 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| റിപ്പോർട്ട് വർഷം | | റിപ്പോർട്ട് വർഷം | | | |
| കാർഷിക പദ്ധതികളും കൃഷി ഭവനും, പ്രവർത്തന അവലോകനം -2011-12 | - | 2011-12 | 3.1.6 പേജ് 43 | കൃഷി ഭവനിലെ ഭൗതീകസാഹചര്യങ്ങൾ പൊതു പരാമർശം | ലഘു പരാമർശം- മറുപടി ലഭ്യമാക്കിയിട്ടില്ല. |
| -ടി- | - | 2011-12 | 3.1.15 പേജ് 68 | സമഗ്ര ഇ കൃഷി | -ടി- മറുപടി ലഭ്യമാക്കിയിട്ടില്ല . |
| 2010-11, 2011-12 | ഖ.3.25 | 2013-14 | ഖ.4-11 (അനുബന്ധം6.1 To 6.5) | അങ്കണവാടി പോഷകാഹാര പദ്ധതി ക്രമക്കേടുകൾ | അംഗൻവാടികൾക്കുള്ള ഭക്ഷ്യ വസ്തുക്കളുടെ വിതരണത്തിൽ ക്രമക്കേട്- ഗ്രാമ പഞ്ചായത്തിന് ഭീമമായ നഷ്ടം- എന്ന വിഷയത്തിൽ വിജിലൻസ് അന്വേഷണവും വകുപ്പ് തല അന്വേഷണവും നടത്തണമെന്നും സസ്പെൻഡ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥയെ തിരിച്ചെടുക്കാനാധാരമായ റിപ്പോർട്ട് സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും. നിയമസഭാ സമിതി നിർദ്ദേശിച്ചിട്ടുണ്ട്. സമിതി ശിപാർശകളിൽ തുടർ നടപടികൾ സ്വീകരിച്ച് ഗ്രാമ പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. LFAC 2019-21 54-മത് റിപ്പോർട്ട്.ഖ.127 |
| 2015-16 | 2-3,2.4 | 2016-17 | അധ്യായം.1 അനുബന്ധം 3 | വസ്തു നികുതി പരാമർശങ്ങൾ | മറുപടി ലഭ്യമാക്കിയില്ല പരാമർശം തുടരുന്നു |
| 2014-15 | 2-2 | 2016-17 | അധ്യായം.2 അനുബന്ധം 4 | തൊഴിൽ നികുതി പരാമർശങ്ങൾ | മറുപടി ലഭ്യമാക്കിയില്ല പരാമർശം തുടരുന്നു |
| 2015-16 | 2-6 | 2016-17 | അധ്യായം.2 അനുബന്ധം 5 | തൊഴിൽ നികുതി പരാമർശങ്ങൾ | മറുപടി ലഭ്യമാക്കിയില്ല പരാമർശം തുടരുന്നു |

## 4-9 ചാർജ്ജ്/സർചാർജജ് നടപടികളുടെ വിവരം

ചാർജ്ജ്/സർ ചാർജജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 13,64,22,839.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 12,13,44,130.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 45,349/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 40,00,490/- |

(ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | | |
|---|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | |
| 3-1 | - | 7526/- | 3763/- | ലെനിൻ ഇ ടി, അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | | |
|---|---|---|---|---|
| | | | 3763/- | സുനിൽ കുമാർ വി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2 | - | 15084/- | 7542/- | ലെനിൻ ഇ ടി, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | | 7542/- | സുനിൽ കുമാർ വി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-3 | - | 7212/- | 3606/- | ശ്രീജിത്ത് പി എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | | 3606/- | അരുൺ എസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-4 | - | 15527/- | 7764/- | ശ്രീജിത്ത് പി എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | | 7763/- | അരുൺ എസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | ആകെ | 45,349/- | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 75,000 | ശ്രീ.നാരായണ.കെ .അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-24 | 24,95,682 | |
| 1-25 | 6,13,108 | |
| 1-26 | 4,00,000 | |
| 1-27 | 2,00,000 | |
| 1-29 | 2,16,700 | ഡോ.മുരളീധര.കെ. മെഡിക്കൽ ഓഫീസർ അലോപ്പതി |
| ആകെ | 40,00,490/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ലെനിൻ ഇ ടി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കളമശ്ശേരി മുനിസിപ്പാലിറ്റി, ചങ്ങമ്പുഴ നഗർ പിഒ, എറണാകുളം | എടക്കാട്ടുവിൽ ഹൗസ്, എലമക്കര പി ഒ, കൊച്ചിൻ-26 |
| ശ്രീജിത്ത് പി എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, വാഴപ്പള്ളി ഗ്രാമപഞ്ചായത്ത്, കോട്ടയം | പപ്പളയിൽ ഹൗസ്, അയർക്കുന്നം പി ഒ. കോട്ടയം |
| അരുൺ എസ്, അസിസ്റ്റന്റ് എക്സി. എഞ്ചിനിയർ | അസിസ്റ്റന്റ് എക്സി. എഞ്ചിനിയർ, LID& EW സബ്ഡിവിഷൻ, കാസറഗോഡ് ബ്ലോക്ക് | പൂർണ്ണിമ വാരിൽ വീട്, കുരക്കണ്ണി, വർക്കല, തിരുവനന്തപുരം പിൻ-695141 |
| സുനിൽ കുമാർ വി, അസിസ്റ്റന്റ് എക്സി. എഞ്ചിനിയർ | അസിസ്റ്റന്റ് എക്സി. എഞ്ചിനിയർ, LID& EW സബ്ഡിവിഷൻ, പരപ്പ ബ്ലോക്ക് | സുകൃതം (H), മധുരമ്പാടി, പുല്ലൂർ, ഹരിപുരം പി. ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിശദവിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ചഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 1987-88, To 1989-90 | KSA.KSD-5 /881/2022(1) Dt: 30.09.2022 | Nil |
| 1989-90 To 93-94 | LF.KSD-1-253/96 Dt:06.06.96 | 5 |
| 1996-97 | KSA.KSD-5 /881/2022(4) Dt: 30.09.2022 | 1 |
| 1990-91 & 91-92 | KSA.KSD-5 /881/2022(2) Dt: 30.09.2022 | Nil |
| 1997-98 | LF.KSD-6-301/04 Dt:04.03.05 | 2 |
| 1998-99 (Plan) | KSA.KSD-5 /881/2022(6) Dt: 30.09.2022 | 1 |
| 1999-2000 | LF.KSD-6-303/04 Dt:04.03.05 | 6 |
| 2000-01 | KSA.KSD-5 /881/2022(9) Dt: 30.09.2022 | 4 |
| 2001-02 | KSA.KSD-5 /881/2022(12) Dt: 30.09.2022 | 2 |
| 1997-98 | KSA.KSD-5 /881/2022(5) Dt: 30.09.2022 | 9 |
| 1998-99 | KSA.KSD-5 /881/2022(7) Dt: 30.09.2022 | 8 |
| 1999-2000 | KSA.KSD-5 /881/2022(8) Dt: 30.09.2022 | 1 |
| 2001-02 (Final) | KSA.KSD-5 /881/2022(11) Dt: 30.09.2022 | 10 |

| | | |
|---|---|---|
| 2000-01 (Final) | KSA.KSD-5 /881/2022(10) Dt: 30.09.2022 | 7 |
| 2002-03 (Final) | KSA.KSD-5 /881/2022(13) Dt: 30.09.2022 | 15 |
| 2003-04 | KSA.KSD-5 /881/2022(14) Dt: 30.09.2022 | 19 |
| 2004-05 | KSA.KSD-5 /881/2022(15) Dt: 30.09.2022 | 11 |
| 2005-06 | KSA.KSD-5 /881/2022(16) Dt: 30.09.2022 | 10 |
| 2006-07 | KSA.KSD-5 /881/2022(17) Dt: 30.09.2022 | 1 |
| 2007-08 | KSA.KSD-5 /881/2022(18) Dt: 30.09.2022 | 17 |
| 1992-93,93-94,94-95,95-96 | KSA.KSD-5 /881/2022(3) Dt: 30.09.2022 | 1 |
| 2008- 09,2009-10 | KSA.KSD-5 /881/2022(19) Dt: 30.09.2022 | 13 |
| 2010-11&11-12 | KSA.KSD-5 /881/2022(20) Dt: 30.09.2022 | 10 |
| 2012-13 &2013-14.. | KSA.KSD-5 /881/2022(21) Dt: 30.09.2022 | 4 |
| 2014-15 | KSA.KSD-5 /881/2022(22) Dt: 30.09.2022 | 7 |
| 2015-16 | KSA.KSD-5 /881/2022(23) Dt: 30.09.2022 | 9 |
| 2016-17 | KSA.KSD-5 /881/2022(24) Dt: 30.09.2022 | 6 |
| 2017-18 | KSA.KSD-5/104/2019. Dt: 14.02.2019 | 25 |
| 2018-19 | KSA.KSD-5/184/2020dt: 11.03.2020 | 21 |
| 2019-20 | കെ.എസ്.എ/കെ.എസ്.ഡി.5/21//2022 തീയ്യതി.24.03.2022 | 35 |
| 2020-21 | കെ.എസ്.എ/കെ.എസ്.ഡി.5/653//2022 തീയ്യതി.29.07.2022 | 23 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ പൈവളികെ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ പൈവളികെ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Paivalike Grama Panchayat INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4067221.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 121092.00 |
| 140000000 | Fee & User Charges | I-4 | 1075398.00 |
| 150000000 | Sale & Hire Charges | I-5 | 392856.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 186703348.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 837959.00 |
| 180000000 | Other Income | I-9 | 33350.00 |
| 190000000 | Prior Period Income | I-19 | 68915.00 |
| | Total Income | | 193231224.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 11069379.00 |
| 220000000 | Administrative Expenses | I-11 | 627979.00 |
| 230000000 | Operations & Maintenance | I-12 | 1160788.00 |
| 240000000 | Interest & Finance Charges | I-13 | 684.00 |
| 250000000 | Decentralised Plan | I-14 | 4993770.00 |

| | | | |
|---|---|---|---|
| | Programme-Productive Sector / Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 44442704.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 23521783.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 35585634.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 63336000.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 32760.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(A) | 0.0 |
| | Total Expenditure | | 184771481.00 |
| | Gross Surplus / Deficit of income over Expenditure | | 8459743.00 |
| | Gross Surplus / Deficit of income over Expenditure | | 8427373.00 |

| | | | |
|---|---|---|---|
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -101285.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | -32370.00 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-4
## റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| Paivalike Grama Panchayat<br>RECEIPT & PAYMENT<br>STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 31030966.00 |
| Cash | Cash | RP-40(a) | 120009.20 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 885847.00 |
| 130000000 | Rental income from Panchayat Properties | RP-3 | 3500.00 |
| 140000000 | Fees & User Charges | RP-4 | 871798.00 |
| 150000000 | Sale & Hire Charges | RP-5 | 392856.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 75631937.00 |
| 171000000 | Interest Earned | RP-9 | 837959.00 |
| 190000000 | Prior Period Income | RP-11 | 980.00 |
| 240000000 | Interest & Finance Charges | RP-15 | 18.00 |

| | | | |
|---|---|---|---|
| 311000000 | Earmarked Funds | RP-28 | 12922.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 26379226.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 25991055.00 |
| 460000000 | Loans, Advances and Deposits | RP-49 | 18000.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 33350.00 |
| 330000000 | Secured Loans | RP-31 | 4705153.00 |
| 340000000 | Deposits Received | RP-33 | 120714.00 |
| 350000000 | Other Liabilities | RP-35 | 537524.00 |
| | Grand total | | 167573814.20 |
| | PAYMENTS | | |
| | Operating | | |
| 250000000 | Decentralised Plan Programme- Productive Sector | RP-16 | 6528043.00 |
| 251000000 | Decentralised Plan Programme- Service Sector | RP-17 | 24632928.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-18 | 18167284.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 264794.00 |
| 412000000 | Capital Work In Progress | RP-39 | 5604224.00 |
| 414000000 | Annual plan - Capital Expences(Service Sector) | RP-41 | 1556820.00 |
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 745019.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 23578147.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-49 | 2815080.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 8125.00 |
| 350000000 | Other Liabilities | RP-35 | 37443666.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 46098043.00 |
| Cash | Cash | RP-40(b) | 131641.20 |
| | Grand Total | | 167573814.20 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-5

## ബാലൻസ് ഷീറ്റ്

| | | | |
|---|---|---|---|
| Paivalike Grama Panchayat<br>BALANCE SHEET | | | |
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 33888784.80 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 22251.00 |
| 312000000 | Reserves | B-3 | 72333621.00 |
| | Total Reserve & Surplus | | 106244656.80 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 21298896.00 |
| | Total Grants, Contributions for Specific Purposes | | 21298896.00 |

| | | | |
|---|---|---|---|
| | Loans | | |
| 330000000 | Secured Loans | B-5 | 15556625.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 15556625.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 322786.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1343405.40 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 1666191.40 |
| | TOTAL LIABILITIES | | 144766369.20 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 420385.00 |
| 412000000 | Capital Work in Progress | B-11(b) | 864078.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 2104609.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 8969003.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 112572844.00 |
| 416000000 | Accumulated Depreciation | B-11(a) | -67806177.00 |
| | Total Fixed Assets | | 57124742.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 23904324.00 |

| | | | |
|---|---|---|---|
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 15556625.00 |
| 450000000 | Cash and Bank Balance | B-17 | 46229684.20 |
| 460000000 | Loans, Advances and Deposits | B-18 | 1950994.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 87641627.20 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 144766369.20 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.